# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ഒക്ടോബർ 9 | ദീപം 58 | നാളം 31 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# അന്ധകാരത്തിൽ തെളിഞ്ഞ പ്രകാശം




ഫാ. ബർക്കുമാൻസ്
കുന്നുംപുറം




**ഒക്ടോബർ 16**
**വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ**

"അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു" (വി. മത്തായി 4:6). ഈശോയെക്കുറിച്ച്, അവിടുത്തെ മനുഷ്യാവതാരത്തെക്കുറിച്ചു വെളിപ്പെടുത്തുന്നതിനായി വി. മത്തായിശ്ലീഹാ ദൈവികജ്ഞാനത്തിൽ കുറിച്ചുവച്ച വാക്കുകളാണിത്. ആത്മീയാന്ധകാരം നിറഞ്ഞ ലോകത്തിനു പ്രകാശമാകാൻ, പ്രകാശമേകാൻ ഈശോ മനുഷ്യാവതാരം ചെയ്ത് ലോകത്തിന്റെ പ്രകാശമാണെന്നു പ്രഖ്യാപിച്ച് ദൈവജനത്തെ വെളിച്ചത്തിലേക്കു നയിച്ചു. ആ വെളിച്ചം സ്വീകരിച്ച് ഈ മലയാളക്കരയിൽ, മീനച്ചിൽ താലൂക്കിൽ പ്രത്യേകിച്ച് രാമപുരം ഉൾപ്പെടുന്ന ദേശങ്ങളിൽ ആരോരുമില്ലാത്ത ഒരു ജനവിഭാഗമുണ്ടെന്നറിഞ്ഞ്, കണ്ടുപിടിച്ച് അവരുടെയിടയിൽ ദൈവികതയുടെയും മാനുഷികതയുടെയും വിത്തുവിതച്ച് ഫലം കൊയ്ത കാരുണികനാണ് തേവർപറമ്പിൽ അഗസ്റ്റിനച്ചൻ എന്ന വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ. 'തീണ്ടലും തൊടീലും' ഉണ്ടായിരുന്ന ഒരു കാലത്ത് അടിമകളെപ്പോലെ കരുതപ്പെട്ടിരുന്ന പുലയൻ, പറയർ തുടങ്ങിയ വിഭാഗത്തിൽപ്പെടുന്നവരുടെ കുടിലുകൾ ദിനംപ്രതി കയറിയിറങ്ങി, അവരെ ആധ്യാത്മികമായും സാംസ്കാരികമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും സഹായിച്ച്, എഴുത്തും വായനയും പഠിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലെത്തിച്ച കർമശ്രേഷ്ഠനാണ് വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ.

1891 ഏപ്രിൽ ഒന്നാംതീയതി രാമപുരം തേവർപറമ്പിൽ ഇട്ടിയേപ്പുമാണിയുടെയും ഏലീശ്വയുടെയും അഞ്ചുമക്കളിൽ ഇളയവനായി അഗസ്റ്റിൻ ജനിച്ചു. വി. ആഗസ്തീനോസിന്റെ മധ്യസ്ഥതയിൽ അഭിമാനിക്കുന്ന രാമപുരം ഇടവകയിലെ എല്ലാ കുടുംബങ്ങളിലുംതന്നെ ഒരു ആഗസ്തിയുണ്ട്. നമ്മുടെ പ്രിയപ്പെട്ട കുഞ്ഞച്ചന് മാമ്മോദീസാ നൽകിയപ്പോൾ മാതാപിതാക്കൾ വിശുദ്ധന്റെ പേരുതന്നെ നൽകി. ജന്മനാ കൃശഗാത്രനായിരുന്ന ആഗസ്തിയെ വീട്ടുകാരും പിന്നീട് നാട്ടുകാരും കുഞ്ഞാഗസ്തി എന്നാണു വിളിച്ചിരുന്നത്. കുഞ്ഞാഗസ്തിക്ക് ആവശ്യമായ ദൈവികഅറിവുകളും അക്ഷരജ്ഞാനവും നൽകാൻ മാതാപിതാക്കൾ ശ്രമിച്ചു. അന്നു നിലവിലിരുന്ന 'ആശാൻ കളരി' യിൽ കുഞ്ഞാഗസ്തിയെയും ചേർത്തു. ആശാന്മാർ ഹിന്ദുക്കളായിരുന്നുവെങ്കിലും അവർ കത്തോലിക്കരുടെ മുപ്പത്തിമൂന്നു കൂട്ടം നമസ്കാരങ്ങളും കത്തോലിക്കാക്കുട്ടികളെ പഠിപ്പിച്ചിരുന്നു. കളരിയിലെ പഠനശേഷം രാമപുരം പള്ളിമൈതാനിയിൽ പ്രവർത്തിച്ചിരുന്ന ഗവ. എൽ.പി. സ്കൂളിൽ കുഞ്ഞാഗസ്തിയെ ചേർത്തു. പഠനകാര്യങ്ങളിൽ മിടുക്കനായിരുന്നു കുഞ്ഞാഗസ്തി. പുസ്തകങ്ങളും ബുക്കുകളും വൃത്തിയായി സൂക്ഷിക്കുകയും വൃത്തിയുള്ള വസ്ത്രങ്ങൾ ധരിച്ച് എല്ലാവർക്കും മാതൃകയാവുകയും ചെയ്തു. രാമപുരത്തെ പ്രാഥമികപഠനത്തിനു ശേഷം മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്കൂളിൽ ചേർന്നു. ഇപ്പോൾ ദൈവദാസനായി വിളിക്കപ്പെട്ടിരിക്കുന്ന രാമപുരം ഇടവകക്കാരനും കുഴുമ്പിൽ കുടുംബബന്ധവുമുള്ള കണിയാരകത്തു ദേവസ്യാ (ഫാ. ബ്രൂണോ കണിയാരകത്ത് സിഎംഐ - ആത്മാവച്ചൻ) കുഞ്ഞാഗസ്തിയോടൊപ്പം അക്കാലത്തു മാന്നാനത്തു പഠിച്ചിരുന്നു. ബഹു. ബ്രൂണോയച്ചൻ അക്കാലത്തെക്കുറിച്ച് എഴുതി: "കെ. എം. അഗസ്റ്റിൻ ബോർഡിങ്ങിലെ നല്ല കുട്ടി, എല്ലാവരുടെയും സ്നേഹിതൻ എന്നു സംക്ഷേപമായി പറയാം. നിയമമനുസരിച്ച് നിശ്ചിതസമയങ്ങളിൽ പ്രാർഥിക്കുന്നതിനും പഠിക്കുന്നതിനും കളിക്കുന്നതിനും കൂദാശകൾ സ്വീകരിക്കുന്നതിനും കൃത്യനിഷ്ഠ കാണിച്ചിരുന്നു. സഹപാഠികളിൽ കാണുന്ന തെറ്റുകൾ തിരുത്തിക്കൊടുക്കുന്നതിന് കെ. എം. അഗസ്റ്റിൻ തത്പരനായിരുന്നു. ആർക്കെങ്കിലും എന്തെങ്കിലും പ്രയാസമുണ്ടെന്നറിഞ്ഞാൽ അവരെ സമാധാനപ്പെടുത്താൻ വേണ്ടതു ചെയ്തിരുന്നു."

1915 ജൂൺമാസത്തിൽ പുത്തൻപള്ളി സെമിനാരിയിൽ വൈദികപരിശീലനത്തിനു ചേർന്നു. സെമിനാരിയിൽ പഠനവും ചിട്ടകളും ഭക്ഷണകൃത്യങ്ങളും എല്ലാം നന്നായി അനുഷ്ഠിച്ചു. ഏറ്റവും ചെറിയ ആൾ എന്ന നിലയിൽ എല്ലാവരാലും ശ്രദ്ധിക്കപ്പെട്ട കുഞ്ഞാഗസ്തിക്ക് അസാധാരണത്വമൊന്നുമുണ്ടായിരുന്നില്ല. 1921 ഡിസംബർ 17 ന് ചങ്ങനാശേരി മെത്രാനായിരുന്ന അഭിവന്ദ്യ കുര്യാളശേരിൽ മാർതോമാ മെത്രാനിൽനിന്നു പൗരോഹിത്യം സ്വീകരിച്ചു. വരാപ്പുഴ പുത്തൻപള്ളി സെമിനാരിയിൽവച്ചായിരുന്നു പൗരോഹിത്യപട്ടവും പുത്തൻകുർബാനയും. ഫാ. അഗസ്റ്റിൻ തേവർപറമ്പിൽ പൗരോഹിത്യം സ്വീകരിച്ച് രാമപുരത്തുവന്നു. ഒരു വർഷത്തോളം രാമപുരംപള്ളിയിൽത്തന്നെ താമസിച്ചു. അക്കാലത്ത്, രാമപുരംപള്ളിയുടെ കീഴിലായിരുന്നു ഇന്ന് സ്വതന്ത്രഇടവകകളായ ഏഴാച്ചേരിയും ഉറുമ്പുകാവും (പിഴകുപള്ളി). അതിനാൽ പള്ളിയിൽ അദ്ദേഹത്തിന്റെ ശുശ്രൂഷ ആവശ്യവുമായിരുന്നു. 1923 ഫെബ്രുവരിയിൽ അദ്ദേഹം കടനാടുപള്ളി അസിസ്റ്റന്റ് വികാരിയായി നിയമിതനായി. കുടുംബക്കാരൻകൂടിയായിരുന്ന ബഹു. കുഴുമ്പിൽ തോമ്മാച്ചനായിരുന്നു അന്നു കടനാട്ടിൽ വികാരി. കടനാടുപള്ളിയുടെ രണ്ടു കുരിശുപള്ളികളായിരുന്നു ഇന്ന് ഇടവകപ്പള്ളികളായ മാനത്തൂരും എലിവാലിയും (ജിയോവാലി). മാനത്തൂർ പള്ളിയിൽ കൂടുതലും ശുശ്രൂഷയ്ക്കായി പോയിരുന്നത് ബഹു. തേവർപറമ്പിൽ അഗസ്റ്റിനച്ചനായിരുന്നു. 1926 ജനുവരിമാസത്തിൽ അച്ചന് ഒരു പനി ബാധിച്ചു. പനിയും മറ്റു രോഗങ്ങളും വിട്ടുമാറാതെ വന്നപ്പോൾ ചികിത്സയ്ക്കും വിശ്രമത്തിനുമായി രാമപുരത്തേക്ക് 1926 മാർച്ചുമാസത്തിൽ വന്നു.


ശേഷം 14-ാം പേജിൽ

വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടട്ടെ എന്ന പ്രാർഥനാശംസകളോടെ



Mother Superior & Community

# CARMELITE CONVENT

RAMAPURAM Ph: 04822-260357

Headmistress, Staff & Students

**S.H. GIRLS HIGH SCHOOL** RAMAPURAM Ph: 04822-260761

---

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ



# സെന്റ് പോൾസ് ബോയ്സ് ഹോസ്റ്റൽ

രാമപുരം

---



വാഴ്ത്തപ്പെട്ട കുഞ്ഞച്ചന് ഞങ്ങളുടെ പ്രാർഥനാമഞ്ജരികൾ

Mother Superior & Community

# FRANCISCAN SISTERS OF HOLY ANNUNCIATION (F.S.H.A.)

(മംഗലവാർത്തയുടെ ഫ്രാൻസിസ്കൻ സഹോദരികൾ)

* ഐങ്കൊമ്പ് * പറത്താനം * തങ്കമണി

---



രാമപുരത്തിന്റെ വിശുദ്ധപുഷ്പം വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരപൂർവം

Mother Superior & Community

# MOUNT CARMEL CONVENT (C.M.C.)

RAMAPURAM Ph: 04822 - 263399

WARDEN & STUDENTS

**CARMEL JYOTHI GIRLS HOSTEL** RAMAPURAM Ph: 04822-262336

---



വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ

Mother Superior & Community

# S.H. CONVENT


VELLILAPPALLY, RAMAPURAM Ph: 04822-260276

Headmistress, Staff & Students

**ST. JOSEPH'S U.P. SCHOOL** VELLILAPALLY, RAMAPURAM Ph: 9526944225

---

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന് ഒരായിരം നന്ദി. പ്രാർഥനാപൂർവം



# ഏലിക്കുട്ടി റോക്കി & ഫാമിലി

വിച്ചാട്ട്, വെള്ളിലാപ്പള്ളി, രാമപുരം

മക്കൾ: റെയ്ന & സുനിൽ (U.S.A.), രഞ്ജിത്ത് & വീണ (ഓസ്ട്രേലിയ)

കൊച്ചുമക്കൾ : നേഹ, നോറ, നേത്തൻ, മിറിയം



ഇസ്രയേൽ ഒരു ചരിത്രവിസ്മയം

11

ഡോ. കുര്യാസ് കുമ്പളക്കുഴി

# സമാധാനം ഇനിയും അകലെ

**ഈ** വർഷം ജൂൺ 13 ന് അത്യന്തം ആശങ്കാജനകമായ ഒരു വാർത്ത ലോകം കേട്ടു. ഇസ്രയേൽ ഇറാനിലെ സൈനിക ആസ്ഥാനങ്ങളെയും ന്യൂക്ലിയർ കേന്ദ്രങ്ങളെയും ആക്രമിച്ചു. തികച്ചും അപ്രതീക്ഷിതമായിരുന്നു, ആ സംഭവം. ചിലപ്പോൾ ഒരു ലോകമഹായുദ്ധത്തിലേക്കു പോലും വഴിതെളിച്ചേക്കാവുന്നത്ര സാഹസികമായിരുന്നു ഇസ്രയേലിന്റെ ആക്രമണം.

ഇറാൻ ജനസംഖ്യകൊണ്ടു സമ്പന്നമെങ്കിലും സാമ്പത്തികമായി അത്ര ശക്തമല്ല. പ്രതിശീർഷവരുമാനം 18420 ഡോളറാണ്. അതേസമയം ഇസ്രയേലിന്റേത് 55250 ഡോളറാണ്. എന്നാൽ, സൈനികശക്തിയുടെ കാര്യത്തിൽ ഇതു നേരേ തിരിച്ചാണ്. ഇറാന്റെ സൈനികസംഖ്യ 960000 ആയിരിക്കുമ്പോൾ ഇസ്രയേലിന്റേത് 634500 മാത്രമാണ്. മിസൈലുകളുടെ എണ്ണത്തിൽ ഏതാണ്ടു തുല്യതയുണ്ട്. 3000 വീതം. ഇറാനു 10513 ടാങ്കറുള്ളപ്പോൾ ഇസ്രയേലിനു 2200 മാത്രം. ഇസ്രയേലിന്റെ കൈവശം 90 ന്യൂക്ലിയർ ആയുധങ്ങളുണ്ടെന്നു കരുതപ്പെടുന്നു. ഇസ്രയേലിന്റെ വ്യോമസേന ഇറാന്റേതിനെയപേക്ഷിച്ചു കൂടുതൽ മെച്ചമാണ്.

ഇറാൻ അണ്വായുധം നിർമിക്കാനൊരുങ്ങുന്നു എന്ന ഭീഷണിക്ക് രണ്ടു ദശകത്തിലധികം പഴക്കമുണ്ട്. ഈ വാർത്ത ഏറ്റവുമധികം ഭയപ്പെടുത്തുന്നത് ഇസ്രയേലിനെയാണ്. ഇസ്രയേലിനെ ഭൂമുഖത്തുനിന്നു തുടച്ചുനീക്കുമെന്നു പലകുറി പ്രഖ്യാപിച്ചിട്ടുള്ള ഇറാന്റെ കൈവശം അണ്വായുധം ഉണ്ടായാൽ അതാദ്യം പ്രയോഗിക്കുന്നതു തങ്ങൾക്കുമേലായിരിക്കുമെന്ന് ഇസ്രയേലിനു തീർച്ചയുണ്ട്. അതുകൊണ്ട് ഇറാൻ അണ്വായുധം നിർമിക്കാനുള്ള എല്ലാ സാധ്യതകളും ഇല്ലാതാക്കണമെന്ന് ഇസ്രയേൽ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ അമേരിക്കയും യുറോപ്യൻരാജ്യങ്ങളും ഏതാണ്ടു തുല്യനിലപാടുകാരാണ്. ഇതാണു ജൂൺ 13 ലെ ഇറാൻ ആക്രമണത്തിന്റെ പശ്ചാത്തലം.

ജൂൺ 13 രാവിലെയായിരുന്നു അപ്രതീക്ഷിത ആക്രമണം. സൈനികസ്ഥാനങ്ങളും ആണവകേന്ദ്രങ്ങളുമാണ് ആക്രമിക്കപ്പെട്ടത്. സായുധസേനാ തലവൻ മുഹമ്മദ് ബാഹെരി, ഇസ്ലാമിക് റവല്യൂഷനറി ഗാർഡ്‌വിഭാഗം മേധാവി ഹുസൈൻ സലാമി, സീനിയർ കമാൻഡർ ബോലാൻ അലി റഷീദ്, കമാൻഡർ ആമിർ അലി ഹാജിസദേഹ് എന്നിവരും ആറുശാസ്ത്രജ്ഞരും ആക്രമണത്തിൽ കൊല്ലപ്പെട്ടു. മൂന്ന് ആണവകേന്ദ്രങ്ങളും തകർക്കപ്പെട്ടുവെന്ന് ഇസ്രയേൽ അവകാശപ്പെട്ടു. ഇറാന്റെ ആകാശം ഇസ്രയേൽനിയന്ത്രണത്തിലായി.

അടുത്ത ദിവസം തന്നെ ഇറാന്റെ പ്രത്യാക്രമണമുണ്ടായി. 550 ബാലിസ്റ്റിക് മിസൈലുകളും ആയിരത്തിലധികം ഡ്രോണുകളും ഇസ്രയേലിലേക്കു പാഞ്ഞു. 12 മിലിട്ടറിക്യാമ്പുകളും ഒരു ആശുപത്രിയും ജനവാസകേന്ദ്രങ്ങളും തിരിച്ചടിക്കിരയായി.

ഇറാന്റെ പരമോന്നതനേതാവ് ആയത്തുള്ള അലി ഖമനേയ്യെ ഉൾപ്പെടെ വധിക്കുമെന്ന് ഇസ്രയേൽ ഭീഷണിമുഴക്കി. തുടർന്ന ദ്ദേഹം സുരക്ഷിതസ്ഥാനത്തേക്കു മാറി. കൊല്ലപ്പെട്ട നേതാക്കളുടെ സംസ്കാരച്ചടങ്ങുകളിൽ പോലും അദ്ദേഹം പങ്കെടുത്തതുമില്ല. ഖമനേയ് എവിടെയാണ് ഒളിച്ചിരിക്കുന്നതെന്നു തനിക്കറിയാമെന്ന യു.എസ്. പ്രസിഡന്റ് ട്രംപിന്റെ വെളിപ്പെടുത്തൽ എല്ലാവരെയും ഞെട്ടിച്ചു. പക്ഷേ, അദ്ദേഹത്തെ വധിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നു പറഞ്ഞതോടെ എല്ലാവർക്കും ആശ്വാസമായി.

ഇതിനിടയിൽ ഇറാൻ യുദ്ധം നിർത്തണമെന്നും ചർച്ചകൾക്കു തയ്യാറാവണമെന്നും ട്രംപ് ആവർത്തിച്ച് ആവശ്യപ്പെടുന്നുണ്ടായിരുന്നു. പക്ഷേ, ഇറാൻ വഴങ്ങിയില്ല. ഒടുവിൽ, ഇസ്രയേലിനെ പിന്തുണച്ച് ഇറാനെ ആക്രമിക്കാൻ അമേരിക്കയും മുന്നോട്ടുവന്നു.

അതും അപ്രതീക്ഷിതമായിരുന്നു. ജൂൺ 22 ന് വൈകുന്നേരം 6.30 ന് ഏഴു ബി 2 ബോംബർ വിമാനങ്ങൾ വാഷിങ്ടണിൽ നിന്ന് ഇറാനിലേക്കു പറന്നു. രണ്ടു വിഭാഗമായിട്ടാണു പറന്നത്. ഒരു വിഭാഗം ഇറാന്റെ ശ്രദ്ധ യഥാർത്ഥലക്ഷ്യത്തിൽനിന്നു വ്യതിചലിപ്പിക്കാൻവേണ്ടി വ്യത്യസ്ത ദിശകളിലേക്കു പറന്നു. 18 മണിക്കൂർ നീളുന്ന പറക്കലിനിടയിൽ ആവശ്യമെങ്കിൽ ആകാശത്തുവച്ചുതന്നെ ഇന്ധനം നിറയ്ക്കാൻവേണ്ടി ഇന്ധനം കരുതിയ വിമാനങ്ങളും പിന്തുണയായി ഒപ്പമുണ്ടായിരുന്നു. വെളുപ്പിന് 2.10 ന് വിമാനങ്ങൾ ടെഹ്റാനു മുകളിലെത്തി. ആകാശത്ത് ഇറാനിയൻ വിമാനങ്ങളൊന്നും ബി 2 ബോംബറുകളെ തടയാനുണ്ടായിരുന്നില്ല. നിർബാധം അവ ബോംബുകൾ വർഷിച്ചു. ഫൊർഡൊവിലെ യുറാനിയം സമ്പുഷ്ടീകരണകേന്ദ്രം, നതാൻസിലെ ന്യൂക്ലിയർകേന്ദ്രം, ഇസ്ഫഹാനിലെ ന്യൂക്ലിയർ സാങ്കേതികകേന്ദ്രം എന്നിവയായിരുന്നു ലക്ഷ്യസ്ഥാനങ്ങൾ. ഭൂമിക്കടിയിൽ 200 അടിവരെ ആഴത്തിൽ ചെന്ന് സ്ഫോടനം നടത്താൻ ശേഷിയുള്ളവയായിരുന്നു ബോംബുകൾ. മൂന്നു കേന്ദ്രങ്ങളും തകർത്തു.



ഇറാൻ നടുങ്ങി. ഉടൻതന്നെ പ്രതികരണമുണ്ടായി. ഇറാൻ ചർച്ചയ്ക്കു തയ്യാറാണ്. എങ്കിലും അവർ തിരിച്ചടിക്കാതിരുന്നില്ല. 23 ന് ഖത്തറിലെ അമേരിക്കയുടെ അൽ ഉദെയ്ദ് സൈനികത്താവളത്തിലേക്ക് ഇറാൻ ഏതാനും മിസൈലുകൾ തൊടുത്തു. പക്ഷേ, അവയെല്ലാം ആകാശത്തുവച്ചുതന്നെ തകർക്കപ്പെട്ടു! ഇറാന്റെ ശ്രമം പാഴായി.

ജൂൺ 24 ന് ഇറാൻ വെടിനിർത്തിയതായും ചർച്ചയ്ക്കു വഴങ്ങിയതായും അറിയിച്ചു. അമേരിക്കയുടെ നിർദേശാനുസരണം ഇസ്രയേലും ആക്രമണം അവസാനിപ്പിച്ചു. ലോകം ആശ്വാസനെടുവീർപ്പിട്ടു. ചരിത്രത്തിൽ ഈ സംഭവം 'പന്ത്രണ്ടുദിനയുദ്ധം' എന്ന പേരിൽ ഇടംതേടി.

പക്ഷേ, ഇസ്രയേലിനു വിശ്രമിക്കാൻ നിർവാഹമില്ല. ഗാസയിൽ ഇപ്പോഴും ഒളിഞ്ഞിരിക്കുന്ന ഹമാസ്ഭീകരരിൽ അവസാനത്തെ ആളെയും ഇല്ലാതാക്കാതെ അവർക്ക് ആയുധം താഴെവയ്ക്കാനാവില്ല. അതവരുടെ പരസ്യപ്രഖ്യാപനമാണ്. രഹസ്യമല്ല. അങ്ങനെയാണ് സെപ്റ്റംബർ ഒമ്പതിന് ഖത്തറിന്റെ തലസ്ഥാനമായ ദോഹയിലെ ഒരു കെട്ടിടത്തിലേക്ക് ഇസ്രയേലിന്റെ മിസൈലുകൾ പാഞ്ഞുകയറിയത്. ഹമാസിന്റെ ഉന്നതനേതാവ് ഖലീൽ അൽ ഹയ്യ ഉൾപ്പെടെയുള്ള ഏതാനും ഹമാസ് നേതാക്കൾ അവിടെയുണ്ടായിരുന്നു. അവർ അമേരിക്കയുടെ നിർദേശപ്രകാരം ഖത്തറിന്റെ മധ്യസ്ഥതയിലുള്ള വെടിനിർത്തൽചർച്ചകൾക്കു വന്നതായിരുന്നു. എവിടെവച്ചായാലും ഹമാസ്ഭീകരരെ വധിക്കാൻ ബദ്ധപ്രതിജ്ഞരാണല്ലോ ഇസ്രയേൽ. അൽ ഹയ്യ രക്ഷപ്പെട്ടെങ്കിലും അദ്ദേഹത്തിന്റെ മകൻ ഉൾപ്പെടെ ആറു പേർ കൊല്ലപ്പെട്ടു.

ഒരു രാജ്യത്തിന്റെ ഉള്ളിൽ കടന്നു സൈനികനീക്കം നടത്തുന്നത് ആ രാജ്യത്തിന്റെ പരമാധികാരത്തിന്മേലുള്ള കടന്നുകയറ്റമായിട്ടാണ് വിലയിരുത്തപ്പെടാറുള്ളത്. എന്നാൽ, ശത്രു എവിടെയായാലും അവിടെ ചെന്നു നേരിടാൻ ആരുടെയും അനുവാദം ആവശ്യമില്ലെന്നാണ് ഇസ്രയേൽ നിലപാട്. അതു പുതിയ അവകാശവാദമൊന്നുമല്ല. അൽക്വയിദ നേതാവ് ഒസാമ ബിൽ ലാദനെ അമേരിക്ക വധിച്ചത് പാക്കിസ്ഥാനിലെ അയാളുടെ ഒളിത്താവളത്തിൽ ആകാശമാർഗം കടന്നു ചെന്നാണല്ലോ. ഇസ്ലാമിക് സ്റ്റേറ്റ് നേതാവ് അബൂബക്കർ അൽ ബാഗ്ദാദിയെ അമേരിക്ക വധിച്ചതും സിറിയയിലെ അയാളുടെ ഒളിത്താവളത്തിൽവച്ചാണ്. അതതു രാജ്യങ്ങളുടെ അനുവാദം വാങ്ങിയിട്ടായിരുന്നില്ല അമേരിക്ക അങ്ങനെ ചെയ്തത്.

അപ്പോൾ ഖത്തറിന്റെ പരമാധികാരത്തിന്മേലുള്ള കൈകടത്തലായിരുന്നു ഇസ്രയേലിന്റെ നടപടി എന്ന വാദത്തിനു വലിയ അടിസ്ഥാനമില്ല. മാത്രവുമല്ല, ഇസ്രയേൽ ആക്രമിച്ചതു ഖത്തറിനെയല്ലതാനും. ഖത്തറിന്റെ ഒരു സുരക്ഷാഭടനും ഒപ്പം കൊല്ലപ്പെട്ടുവെന്നതൊഴിച്ചാൽ, ഖത്തർ നിവാസികൾക്കൊന്നും അപകടം സംഭവിക്കാത്തവിധം അത്ര സൂക്ഷ്മമായിട്ടായിരുന്നു മിസൈൽ ആക്രമണം.

സെപ്റ്റംബർ എട്ടാം തീയതി ജറുസലെമിൽ ബസ് കാത്തുനിന്ന ആറ് ഇസ്രയേൽക്കാരെ രണ്ടു പലസ്തീൻയുവാക്കൾ വെടിവച്ചുകൊന്നിരുന്നു. അതിനുള്ള പ്രതികാരമായിരുന്നു ഖത്തർതലസ്ഥാനത്തെ ആക്രമണം. ഹമാസ് കീഴടങ്ങുന്നില്ലെങ്കിൽ ഗാസയെ പൂർണമായി നശിപ്പിക്കുമെന്ന് എട്ടാംതീയതി തന്നെ ഇസ്രയേൽ പ്രഖ്യാപിച്ചിരുന്നു.

ഗാസയിൽ മരണം താണ്ഡവമാടുകയാണ്. ദിവസംതോറും കൊല്ലപ്പെടുന്ന ഗാസാനിവാസികളുടെ എണ്ണം ഏറിയേറിവരികയാണ്. വെടിയുണ്ടയേറ്റു മാത്രമല്ല, പട്ടിണികൊണ്ടും ആളുകൾ മരിച്ചുവീഴുന്നുണ്ട്. വിശന്നുവലയുന്ന കുഞ്ഞുങ്ങളുടെ നിലവിളി ലോകത്തെയാകെ കണ്ണീരണിയിക്കുന്നുണ്ട്. ഇക്കഴിഞ്ഞദിവസം നമ്മുടെ മുതിർന്ന എഴുത്തുകാരി വന്ദ്യവയോധികയായ ലീലാവതി ടീച്ചർതന്നെ പറയുകയുണ്ടായല്ലോ, ഗാസയിൽ വിശന്നുമരിക്കുന്ന കുഞ്ഞുങ്ങളെ ഓർക്കുമ്പോൾ ചോറുകഴിക്കാൻ കഴിയുന്നില്ലെന്ന്. ലോകമെമ്പാടുമുള്ള അമ്മമാരുടെ അനുഭവം തന്നെയാണിത്. പക്ഷേ, എന്തു ചെയ്യാനാവും? യുദ്ധത്തിലെ ശത്രുനിഗ്രഹത്തിനു നീതിമുറകൾ ബാധകമല്ലല്ലോ.

ഭക്ഷണം വാങ്ങാൻ ക്യൂവിൽ നില്ക്കുന്നവരെപ്പോലും ഇസ്രയേൽസൈന്യം വെടിവച്ചു വീഴ്ത്തുകയാണത്രേ. ക്യൂ നിൽക്കുന്ന ജനങ്ങൾക്കിടയിൽ കടന്നുകൂടുന്ന ഭീകരർ സൈനികരെ പ്രകോപിപ്പിക്കുന്നതുകൊണ്ടാകുമോ വെടിവയ്പുണ്ടാകുന്നത് എന്നാരും അന്വേഷിക്കുന്നില്ലെന്നു തോന്നുന്നു. ഇസ്രയേൽക്കാരുടെ അടിസ്ഥാനവികാരം ഇന്നു ഭയമാണ്. എവിടെയും അവരെ നശിപ്പിക്കാൻ ഒളിഞ്ഞു നില്ക്കുന്ന ശത്രുക്കളുണ്ടെന്ന്. 2019 ൽ ഞാൻ ജറുസലെമിലെ വിലാപമതിലിനു പിൻഭാഗത്തുള്ള ചത്വരത്തിലെത്തുമ്പോൾ അവിടെ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നെത്തിയ ഒട്ടേറെ സന്ദർശകരുണ്ടായിരുന്നു. അവർക്കിടയിലൂടെ ഇരട്ടക്കുഴൽ തോക്കും തോളിലിട്ടു നടക്കുന്ന കൗമാരപ്രായക്കാരായ നിരവധി ഇസ്രയേൽസൈനികരുമുണ്ടായിരുന്നു. ഗൈഡു ഞങ്ങൾക്കു നല്കിയിരുന്ന മുന്നറിയിപ്പിങ്ങനെയായിരുന്നു: സൈനികർ എന്തെങ്കിലും പറഞ്ഞാൽ അനുസരിക്കുക മാത്രമേ പാടുള്ളൂ. എന്തെങ്കിലും മറുചോദ്യം ചോദിച്ചാൽ കിട്ടുന്ന മറുപടി വെടിയുണ്ടയായിരിക്കും. അതേ, അവരെ അനുസരിക്കാത്തവരെ അവർ ശത്രുവായേ കാണൂ. ശത്രുവിനോടവർ ദയ കാട്ടില്ല!

ഇസ്രയേൽ - ഹമാസ് യുദ്ധം ആരംഭിച്ചിട്ട് അടുത്ത ഒക്ടോബർ ഏഴിനു രണ്ടുവർഷം തികയും. ഈ സെപ്റ്റംബർ 18 നു ഗാസയിലെ മരണസംഖ്യ 65062 ആയി ഉയർന്നുകഴിഞ്ഞു. മുറിവേറ്റവരുടെ എണ്ണം 165697. കൊല്ലപ്പെട്ടവരിൽ 70 ശതമാനപേർ സ്ത്രീകളും കുട്ടികളുമാണത്രേ. മരിച്ചുവീഴുന്നവരിൽ ഭൂരിഭാഗവും നിരപരാധികളാണെന്നു കണക്കുകൾ പറയുന്നു! യുദ്ധം ജനവാസമേഖലകളിലേക്കു വ്യാപിച്ചാൽ എല്ലാക്കാലത്തും ഉണ്ടാകുന്ന ദുരന്തമാണിത്.

ഇസ്രയേൽജനതയ്ക്കു യുദ്ധം അതിജീവനത്തിനുവേണ്ടിയാണ്; എതിരാളികൾക്കാവട്ടെ ഇസ്രയേലിന്റെ നാശത്തിനുവേണ്ടിയും. ഇതുവരെയുള്ള സാഹചര്യം വിലയിരുത്തിയാൽ എതിരാളികൾക്കു ലക്ഷ്യം അത്രയെളുപ്പമൊന്നും നേടിയെടുക്കാനാവില്ല.

*പിന്നുര:* നാളെയും ഇങ്ങനെ തന്നെ വേണമെന്നില്ല. പല്ലിറുമ്മിനിൽക്കുന്ന കടുവകൾക്കിടയിൽപ്പെട്ട ചുണ്ടെലിയുടെ അവസ്ഥയാണ് ഇസ്രയേലിന്റേത്. അതിനു പിടിച്ചുനിൽക്കാൻ ശക്തിപകരുന്നത് മുഖ്യമായും അമേരിക്കയാണ്. അതുകൊണ്ടുതന്നെ ഇസ്ലാമിസ്റ്റുഭീകരരുടെ മുഖ്യലക്ഷ്യങ്ങളിലൊന്നും അമേരിക്കയാണ്. എന്നെങ്കിലുമൊരു നാൾ ഭീകരർ കൂടുതൽ ശക്തിയാർജിക്കുകയും അമേരിക്ക ദുർബലമാവുകയും ചെയ്താൽ അന്ന്, ഇസ്രയേൽ ഭൂമുഖത്തുണ്ടാവണമെന്നില്ല!

■

നോവൽ 10



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

രാവിലെ ബ്രേക്ക്ഫാസ്റ്റിന് ചപ്പാത്തിയും മുട്ടക്കറിയുമാണ് ഷേർലിയുണ്ടാക്കിയത്. റോണിയോടൊപ്പം അവളും കഴിക്കാനിരുന്നു.

“ചേച്ചിക്ക് ഞാനിപ്പോഴൊരു ബാധ്യതയായിരിക്കുകാ, അല്ലേ?” ചപ്പാത്തി മുട്ടക്കറിയും ചേർത്തു കഴിക്കുന്നതിനിടയിൽ റോണി പറഞ്ഞു.

“ഒരു കാര്യം പറയാം. എന്നും എനിക്കിങ്ങനെയിവിടെ താമസിക്കാനൊന്നും പറ്റില്ല. ഞാനും മമ്മിയും ഒത്തിരി പറഞ്ഞിട്ടാ പപ്പായിങ്ങോട്ടു വന്നത്. നിന്നെ വീട്ടിലേക്കു വിളിക്കുകയും ചെയ്തു.”

“ജീനായെ കയറ്റാതിരുന്ന വീട്ടിലേക്ക് അവളില്ലാതായപ്പോൾ ഞാനെങ്ങനെ വരും ചേച്ചീ?”

കഴിഞ്ഞുപോയ ഒരു കാര്യമോർത്ത് നിനക്കു സ്വന്തം വീട്ടിൽ കയറാതിരിക്കാൻ പറ്റ്വോ?”

“ചേച്ചിക്കു ബുദ്ധിമുട്ടാണെങ്കിൽ ഇന്നുതന്നെ മടങ്ങിപ്പൊയ്ക്കോ. ഞാനെങ്ങനെയെങ്കിലുമൊക്കെ കഴിയും.”

“എടാ, നീ കുറച്ചു പ്രായോഗികമായി ചിന്തിക്ക്. മരിച്ചു പോയവള് തിരിച്ചുവരികേല. ഇവിടെ മുഴുവൻ അവളുടെ ഓർമകളാണെന്നു പറഞ്ഞ് അള്ളിപ്പിടിച്ചു കിടക്കുന്നത് ശുദ്ധമണ്ടത്തരമാ. ഹൗസ് ഓണർ വന്ന് ഇറങ്ങിത്തരണമെന്നു പറഞ്ഞാൽ മാറണ്ടേ?”

“ചേച്ചീ, എല്ലാ ദിവസവും ഞാൻ ജീനായെ സ്വപ്നത്തിൽ കാണുന്നുണ്ട്. അവളുമായി സംസാരിക്കാറുണ്ട്. ചിലത് സന്തോഷം തരുന്ന സ്വപ്നമാ. മറ്റു ചിലത് വല്ലാതെ പേടിപ്പെടുത്തുന്നതുമാ.”

“അവളെക്കുറിച്ചു മാത്രം ഓർത്തിരിക്കുന്നതുകൊണ്ടാണിത്തരം സ്വപ്നം കാണുന്നത്. കുറെ ദിവസങ്ങളും മാസങ്ങളും കഴിയുമ്പോൾ ചിന്തകൾ കുറയും. സ്വപ്നം കാണാതാവും. മര്യാദയ്ക്കു വീട്ടിൽ വന്നു താമസിക്ക്.” ഷേർലി പിന്നെയും ഉപദേശിച്ചു.

“ഞാൻ കാരണമവൾ മരിച്ചല്ലോയെന്ന ചിന്ത ഒരിക്കലും എന്നെ വിട്ടുപോകില്ല ചേച്ചി. അതു മരണംവരെ നിൽക്കും.”

“അവൾ മരിക്കാൻമാത്രം നീയെന്തു ചെയ്തെന്നാണ്?”

“ഞാൻ ജീനായോടു പിണങ്ങി. അവളെ കുറ്റപ്പെടുത്തി. വേദനിപ്പിക്കുന്ന വാക്കുകൾ പറഞ്ഞു. അവൾക്കതു സഹിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടാ മരിച്ചത്.”

“ഒന്നു പിണങ്ങിയാൽ... ഒന്നു കുറ്റപ്പെടുത്തിയാൽ... വേദനിപ്പിക്കുന്ന ഒരു വാക്കുപറഞ്ഞാൽ ഉടനെ ഒരാളങ്ങു മരിക്കുകയാണോ?”

“മനസ്സിനു തീരെ കരുത്തില്ലാത്തവളായിരുന്നു.”

“അങ്ങനെയുള്ളവളെ എന്തിനു നീ വേദനിപ്പിച്ചു, കുറ്റപ്പെടുത്തി?”

“ഇങ്ങനെ ചെയ്യുമെന്നു ഞാൻ വിചാരിച്ചില്ല.”

“മരിക്കാനെളുപ്പമാ. ജീവിക്കാൻ പക്ഷേ, അല്പം ബുദ്ധിമുട്ടൊക്കെയുണ്ട്. കുറച്ച് സഹനമൊക്കെ വേണ്ടിവരും. അവളെപ്പോലെയാണെങ്കിൽ ഞാനെത്രതവണ മരിക്കണമായിരുന്നെടാ? എന്നെ സ്നേഹിക്കാനാരുമില്ല. കല്യാണം നടന്നില്ല. അപ്പനും അമ്മയും മരിച്ചാൽ പിന്നെ ഒറ്റയ്ക്കൊരു ജീവിതമാ എന്റെ മുമ്പിൽ. എങ്കിലും ഈശ്വരൻ ആയുസ്സ് തരുന്നിടത്തോളം ഞാൻ ജീവിക്കും. എല്ലാ വെല്ലുവിളികളെയും അതിജീവിച്ച്.”

“ഞാനെന്തു ചെയ്യണമെന്നാ ചേച്ചി പറയുന്നെ?”

“ഇനിയും ഈ വാടകവീട്ടിൽ കിടക്കാതെ വീട്ടിൽവന്നു താമസിക്കണം. ജോലിക്കു പോകണം. നിന്റെ കല്യാണക്കാര്യത്തിൽ അപ്പനെതിർത്തതിന് ലോജിക്കുണ്ട്. മനോരോഗം ക്യാൻസറിനെക്കാൾ മാരകമാ. മകൻ മനോരോഗമുള്ള ഒരാളുടെ മകളെ കല്യാണം കഴിക്കരുതെന്നാഗ്രഹിച്ചതിൽ ഒരു തെറ്റും ഞാൻ കാണുന്നില്ല.”

“അപ്പന്, മനോരോഗമുണ്ടായത് ജീനായുടെ കുറ്റമാണോ?”

“അതേക്കുറിച്ചു ഞാൻ തർക്കിക്കുന്നില്ല. നീ വേണ്ടവിധത്തിൽ മനസ്സിലാക്കാത്ത ഒരു കാര്യമുണ്ട്. ജീനായുടെ മരണത്തെക്കുറിച്ച് പോലീസ് ഊർജിതമായ അന്വേഷണം നടത്തുന്നുണ്ട്. നമ്മുടെ പപ്പായെ സർക്കിൾ ഇൻസ്പെക്ടർ രണ്ടു മണിക്കൂർനേരം ചോദ്യം ചെയ്തു. നാട്ടുകാരൊക്കെക്കൂടി കൊലക്കുറ്റം കെട്ടിവച്ചിരിക്കുന്നത് പപ്പയുടെ തലയിലാ. രാത്രിയിൽ ഉറക്കംപോലുമില്ല പപ്പായ്ക്കിപ്പോൾ.”

“ചേച്ചീ, ഞാൻ മൂലം നമ്മുടെ വീട്ടിലെല്ലാവർക്കും, സങ്കടവും അപമാനവും ദുരിതങ്ങളുമുണ്ടായി. വെഷമമുണ്ട്.”

“എടാ, ഞാൻ പോലീസല്ല, വക്കീലല്ല. എങ്കിലും ഒന്നു പറയാം. ജീനായുടെ മരണത്തിൽ പല ദുരൂഹതകളുമുണ്ട്. സത്യം പുറത്തുവരുമ്പോൾ നമ്മുടെയൊക്കെ പ്രതീക്ഷകളും നിഗമനങ്ങളുമാകെ തെറ്റിയേക്കും. നീ വഴക്കുണ്ടാക്കിയെന്നും നിന്ദിച്ചെന്നും വേദനിപ്പിച്ചെന്നുമൊക്കെ പറഞ്ഞാൽ എല്ലാം ഗാർഹികപീഡനത്തിന്റെ പരിധിയിൽ വരും. കിട്ടാൻ പോകുന്നത് വർഷങ്ങളോളമുള്ള ജയിൽശിക്ഷയായിരിക്കും.”

റോണിയുടെ മുഖം വിളറിവെളുത്തു.

“റോണീ, നിന്നെ ഭയപ്പെടുത്താൻവേണ്ടി പറഞ്ഞതല്ല. ഓരോന്നു ചെയ്യുമ്പോഴും പറയുമ്പോഴും ചിന്തിച്ചുവേണം.” ഷേർലി പറഞ്ഞു.

അപ്പോൾ ഷേർലിയുടെ മൊബൈൽ ഫോൺ ശബ്ദിച്ചു. വിവേകിന്റെ കോളാണ്.

“ഹലോ... വിവേകേ.. എവിടാ.”

“ഞാൻ ജോലിസ്ഥലത്താ ചേച്ചീ. ഒരു പ്രധാനകാര്യം പറയാനുണ്ടായിരുന്നു.”

“പറഞ്ഞോളൂ.”

“റോണി ജോലിക്കുവരാതായിട്ട് ഇന്നെട്ടു ദിവസമായി. ഇതുവരെ യാതൊരു ഇൻഫർമേഷനും സ്ഥാപനത്തിലേക്കു നൽകിയിട്ടില്ല. എം.ഡി. രണ്ടു തവണ വിളിച്ചിട്ടും എടുത്തില്ലെന്നും പരാതിയുണ്ട്.”

“എന്താ വിവേകേ ഇപ്പം ചെയ്യേണ്ടത്?”

“നേരിട്ടുവന്ന് കാര്യങ്ങൾ ബോധ്യപ്പെടുത്തിയില്ലെങ്കിൽ ചിലപ്പോൾ സസ്പെൻഷൻ ഉണ്ടായെന്നിരിക്കും.”

“ഞാനവനോടു വിവരം പറയാം. വരുമെങ്കിൽ കൊണ്ടുവരികയും ചെയ്യാം. ഈ സ്റ്റേജിൽ, ഒന്നു ഡെവലപ് ചെയ്തു വരാൻ അവനൊരു ജോലി ആവശ്യവുമാണ്. ഞാൻ നിർത്തുകാ.”

ഷേർലി ഫോൺ കട്ടാക്കി.

“വിളിച്ചത് വിവേകാണല്ലേ!”

“അതെ. ഒരു ഇൻഫർമേഷനുമില്ലാതെ, എം.ഡി. വിളിച്ചിട്ടും ഫോണെടുക്കാതെ വീട്ടിൽ കുത്തിയിരുന്നാൽ മേലധികാരികള് സമ്മതിക്കുമോ? വേഗം വേഷം മാറ്. നമുക്കു പോകാം.”

റോണി അങ്കലാപ്പോടെ പിടഞ്ഞെഴുന്നേറ്റു. രണ്ടുപേരും മുറി പൂട്ടി പുറത്തിറങ്ങി. കാറിൽ കൊച്ചിയിലേക്കു പുറപ്പെട്ടു.

* * * *

സർക്കിൾ ഇൻസ്പെക്ടർ മോഹൻ തോമസ് എച്ച്.സി.രാജീവനെ ക്യാബിനിലേക്കു വിളിപ്പിച്ചു. തന്റെ ട്രാൻസ്ഫർ സമർത്ഥമായ ഇടപെടലിലൂടെ ഒഴിവാക്കിയ മോഹൻതോമസിനോട് വലിയ സ്നേഹവും കടപ്പാടും പ്രകടിപ്പിച്ചു.

“രാജീവാ, ഞാനിന്നലെ റോണിയുടെ സേർവന്റ് വിജയമ്മയുടെ മൊഴിയെടുത്തു. അരമണിക്കൂറോളം കാര്യങ്ങള് സംസാരിച്ചു.

അവര് പറയുന്നത്, മേടയ്ക്കൽ മാത്തുക്കുട്ടിതന്നെയാണ് പ്രതിയെന്നാണ്. എനിക്കതൊട്ടു മങ്ങു ദഹിക്കുന്നില്ല.”

“അയാള് അങ്ങനെയൊരു മണ്ടത്തരം കാണിക്കുമെന്നു ഞാനും കരുതുന്നില്ല, സാർ. പോസ്റ്റുമോർട്ടം റിപ്പോർട്ട് ഇത്രയും വൈകുന്നതെന്താണെന്നാ?”

“അതിന്നു കിട്ടും. ഉറപ്പായിട്ടും.”

“സൂയിസൈഡ് ആണോ അല്ലയോ എന്ന് അതിൽ കാണുമല്ലോ.”

“കാണേണ്ടതാ. ആത്മഹത്യയാണെന്നു വ്യക്തമായാൽ നമ്മുടെ തലവേദന ഒത്തിരി കുറയും. പിന്നെ പോയിട്ട് പ്രേരണയുണ്ടോ, അതെന്താണ്, ആരാണെന്നൊക്കെ കണ്ടെത്തിയാൽ മതി.”

“ഒരു മാന്യനും ആദരണീയനുമായ ‘കൊലപാതകി’ ഈ സംഭവത്തിനു പിന്നിലുണ്ടാകുമെന്നാണ് സാർ, എന്റെ ഉറച്ച വിശ്വാസം.”

“തന്റെ പ്രയോഗം എനിക്കിഷ്ടപ്പെട്ടു. മാന്യനും ആദരണീയനുമായ കൊലപാതകി! ആരായിരിക്കുമത്?”

“ഭർത്താവ് റോണിതന്നെയുമാകാം. ശവസംസ്കാരത്തിന് ആ വീട്ടിലവനെത്താത്തത് എന്നെ സംശയിപ്പിക്കുന്നു.”

“അതങ്ങനെ നമുക്കു പറയാൻ പറ്റില്ല. അവളുടെ അപ്പൻ ഒരു മുഴുഭ്രാന്തനാണ്. അയാൾക്ക് എന്തു ചെയ്യാനും രോഗം ഒരു ലൈസൻസാണ്. ആരും പേടിക്കും.”

“സ്വന്തം ഭാര്യയെ അവളെങ്ങനെ മരിച്ചാലും അവസാനമായൊന്നു കാണാൻ ഏതു നീചനും ആഗ്രഹിക്കും. പോലീസിനോട് പ്രൊട്ടക്ഷൻ ആവശ്യപ്പെട്ടുമില്ല, റോണി.”

“രാജീവൻ പറഞ്ഞത് ഒരു പോയിന്റാണ്. പക്ഷേ, നാലു കൊല്ലം സ്നേഹിച്ച് കുടുംബത്തിന്റെ എതിർപ്പ് അവഗണിച്ച് അവളെ രജിസ്റ്റർ മാര്യേജ് ചെയ്തവനാണെന്നോർക്കണം.”

“എന്റെ നിഗമനം പൂർണമായും ശരിയെന്നു വാദിക്കുകയല്ല. എന്റെ നിരീക്ഷണത്തിൽ അവനൊരു കള്ളലക്ഷണമുണ്ട്.”

“രാജീവാ, പൊളിറ്റിക്കൽ പ്രഷർ വളരെ കുടുതലുള്ള കേസാണിത്. ചാനലുകാരും പത്രക്കാരും കൂടി. ‘ജീനാസംഭവം’ ആക്കി മാറ്റി. അതിസുന്ദരിയായ ഒരു പെണ്ണായതുകൊണ്ടാണ് ഇവര് വിടാതെ നിൽക്കുന്നത്. ഒടുവിൽ സകല അമ്പും തറയ്ക്കുന്നത് പോലീസിന്റെ നെഞ്ചത്ത്.” സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞു.

“ശ്രീജിത്തിനെ ചോദ്യം ചെയ്യണ്ടേ, സാർ?”



ശേഷം 11-ാം പേജിൽ

# മക്കൾക്കുമുണ്ട് അവരുടേതായ സ്വപ്നങ്ങൾ





ജിൻസ് കാവാലി

“എനിക്കോ ഒരു ഡോക്ടറാകാൻ പറ്റിയില്ല, എന്റെ മകനെയെങ്കിലും ഡോക്ടറാക്കണം, അവന് എഴുത്തും വരയും ഒക്കെയായിരുന്നു താത്പര്യം, അതുകൊണ്ടൊക്കെ ജീവിക്കാൻ പറ്റുവോ! ഞാൻ നിർബന്ധിച്ചാ എംബിഎയ്ക്കു ചേർത്തേ.” ഏതാണ്ട് ഇതേ ഈണമുള്ള സംഭാഷണശകലങ്ങൾ നമ്മുടെ ചുറ്റുപാടുകളിൽനിന്നു നാം എല്ലാവരും ഒരിക്കലെങ്കിലും കേട്ടിട്ടുണ്ടാകണം. മാതാപിതാക്കൾ തങ്ങളാഗ്രഹിക്കുന്ന വിധം തങ്ങളുടെ മക്കൾ ജീവിക്കണമെന്നു കരുതുന്നതിൽ തെറ്റൊന്നുമില്ല. പക്ഷേ, മക്കൾക്കും ഉണ്ടാവില്ലേ ആഗ്രഹങ്ങൾ? ഒരു തലമുറയെന്നത് മുൻതലമുറയുടെ ആഗ്രഹപൂർത്തീകരണത്തിനുള്ള ഉപകരണങ്ങൾ മാത്രമാണോ?

ജിബ്രാന്റെ പ്രവാചകൻ പറയുന്നതു കേൾക്കൂ:

‘അല്ല, നിങ്ങളുടെ പൈതങ്ങൾ നിങ്ങളുടേതല്ല.

നിങ്ങളിലൂടെ അവർ വന്നു. എന്നാൽ നിങ്ങളിൽനിന്നല്ല.

അവർക്കു സ്നേഹം നൽകുക. ചിന്തകളരുത്. കാരണം, അതവരിൽ ആവോളമുണ്ട്.

അവരുടെ ദേഹത്തിന് വീടൊരുക്കുക, ആത്മാവിനരുത്.

നാളെയുടെ വീട്ടിൽ പാർക്കേണ്ടവരാണ് അവർ’ (വിവർത്തനം: ബോബി ജോസ് കട്ടികാട്)

ഇപ്പോൾ ഈ വിഷയം എഴുതാൻ കാരണം, കഴിഞ്ഞയാഴ്ച മഹാരാഷ്ട്രയിൽനിന്നു കേട്ട അതീവദുഃഖകരമായ ഒരാത്മഹത്യാവാർത്തയാണ്. ഡോക്ടറാകാൻ ഇഷ്ടമില്ലെന്നും സമ്മർദം താങ്ങാനാകുന്നില്ലെന്നും എഴുതിവച്ചാണ് നീറ്റ് പരീക്ഷയിൽ 99 % മാർക്ക് നേടിയ അനുരാഗ് അനിൽ ബോർകർ എന്ന പത്തൊമ്പതുകാരൻ ജീവിതം അവസാനിപ്പിച്ചത്. ബിസിനസ് ചെയ്യാനാണു താൻ ആഗ്രഹിച്ചതെന്നും അതായിരുന്നു തന്റെ വഴിയെന്നുംകൂടി ആ ചെറുപ്പക്കാരൻ തന്റെ ആത്മഹത്യാക്കുറിപ്പിൽ പറഞ്ഞുവയ്ക്കുന്നുണ്ട്.

ഇന്ന് ഇത്തരം ഹൃദയഭേദകമായ വാർത്തകൾ അപൂർവമല്ലാതായിരിക്കുന്നു. ഇന്ത്യയിലെ എജ്യുക്കേഷൻ സിറ്റി എന്നറിയപ്പെടുന്ന, സിവിൽ സർവീസ് ഉൾപ്പെടെ എല്ലാവിധ മത്സരപ്പരീക്ഷകൾക്കുമുള്ള എണ്ണമറ്റ കോച്ചിങ് സെന്ററുകൾ സ്ഥിതി ചെയ്യുന്ന രാജസ്ഥാനിലെ കോട്ട എന്ന നഗരത്തിൽ ഈ വർഷം ആദ്യ 5 മാസങ്ങൾക്കിടയിൽത്തന്നെ (2025 ജനുവരി - 2025 മേയ്) ആത്മഹത്യ ചെയ്ത വിദ്യാർഥികളുടെ എണ്ണം 14 ആണ്! പരീക്ഷയിൽ തങ്ങൾ പരാജയപ്പെടുകയും അതോടെ മാതാപിതാക്കൾ തങ്ങളെപ്രതി നിരാശരായിത്തീരുകയും ചെയ്യും എന്ന വലിയ ഭയമാണ് ഏറ്റവും പുഷ്കലമായ ജീവിതകാലഘട്ടത്തിൽത്തന്നെ സ്വയം ജീവിതത്തിനു വിരാമമിടാൻ പലരെയും പ്രേരിപ്പിച്ചത്. എത്രയോ കാലംകൂടി ഈ ഭൂമിയിൽ ജീവിതത്തിന്റെ സംഗീതം ആലപിക്കേണ്ടവരായിരുന്നു അവർ. എത്രമേൽ ദയനീയമായ അവസ്ഥയിലൂടെയായിരിക്കും അവരുടെ മാതാപിതാക്കൾ ഇപ്പോൾ കടന്നുപോകുന്നുണ്ടാവുക?

മാതാപിതാക്കളുടെ ഇഷ്ടങ്ങളും ആഗ്രഹങ്ങളും മക്കൾ മനസ്സിലാക്കുന്നതുപോലെ തന്നെ പ്രധാനമാണ് മക്കളുടെ അഭിരുചികളും താത്പര്യങ്ങളും മാതാപിതാക്കൾ മനസ്സിലാക്കുക എന്നതും. തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളിലേക്കു മക്കളെ കൊണ്ടുപോവാനല്ല, അവരുടെ കഴിവുകൾ എന്തെന്നു തിരിച്ചറിഞ്ഞ് അവയെ പരിപോഷിപ്പിക്കാനാണ് മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത്. അപ്പോൾ മക്കളും മാതാപിതാക്കളുമായുള്ള ബന്ധം കൂടുതൽ സുദൃഢവും ക്രിയാത്മകവുമാകും. എല്ലാവരും തങ്ങളുടെ കുട്ടികൾ വൈറ്റ് കോളർ ജോലി മാത്രം ചെയ്താൽ മതിയെന്നു കരുതിയിരുന്നെങ്കിൽ നമുക്കൊരു പി ടി ഉഷയോ യേശുദാസോ മോഹൻലാലോ ഉണ്ടാകുമായിരുന്നില്ല.

വിജയങ്ങളിൽ മാത്രമല്ല, തോൽവികളിലും തങ്ങൾ കൂടെത്തന്നെയുണ്ടാകുമെന്ന ഉറപ്പ് കുട്ടികൾക്കു കൊടുക്കാനും മാതാപിതാക്കൾ ശ്രദ്ധിക്കണം. ജീവിതം വിജയങ്ങളും നേട്ടങ്ങളും മാത്രം നിറഞ്ഞതല്ലെന്നും, പരാജയങ്ങളും പ്രതിസന്ധികളുംകൂടി ചേർന്നതാണെന്നും അവരെ ബോധ്യപ്പെടുത്തണം.

മോശം സമയങ്ങളിൽ നമ്മൾ ചേർത്തുപിടിച്ചില്ലെങ്കിൽപ്പിന്നെ ആരാണ് നമ്മുടെ മക്കളെ ചേർത്തുപിടിക്കുക! ഒരാളുടെ മോശം സമയത്തു കൂടെനിൽക്കുന്നവർക്കേ, അയാളുടെ നല്ല സമയത്തും കൂടെ നിൽക്കാൻ ധാർമികമായ അർഹതയുള്ളൂ.

കുട്ടികൾക്കു സമയം കൊടുക്കുക. അവർ പറയുന്നത് താത്പര്യപൂർവം കേൾക്കുക. അവരോടു സ്നേഹവും കാരുണ്യവും ഉള്ളവരായിരിക്കുക. നമ്മുടെ കുഞ്ഞുങ്ങളും നമ്മളെപ്പോലെതന്നെ സ്വതന്ത്രരായ വ്യക്തികളാണ് എന്ന ബോധ്യത്തോടെ, പരസ്പരബഹുമാനത്തോടെ അവരോട് ഇടപെടുക.

അങ്ങനെയായാൽ തോൽവി അവരെ കയറെടുപ്പിക്കില്ല. പ്രതിസന്ധികൾ അവരെ തകർത്തുകളയില്ല. അമിതസമ്മർദങ്ങളില്ലാതെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും നമ്മുടെ കുഞ്ഞുങ്ങൾ വളർന്നുവരട്ടെ. ■




മാത്യൂസ് ആർപ്പൂക്കര 23

# ഇലക്ട്രിക് റേ മത്സ്യങ്ങൾ

ആഴക്കടൽമത്സ്യങ്ങളിൽ പ്രധാനപ്പെട്ടയിനമാണ് തരുണാസ്ഥിമത്സ്യമായ റേ മത്സ്യങ്ങൾ. ഇത്തരക്കാർ രണ്ടു തരമുണ്ട്. - ഇലക്ട്രിക് ഓർഗൺ ഉള്ളതും ഇല്ലാത്തതും. ഇലക്ട്രിക് റേ മത്സ്യങ്ങളിൽ അവയുടെ അംസഫിന്നിനും തലയ്ക്കും ഇടയിലായി ഇലക്ട്രിക് ഓർഗൻ സ്ഥിതിചെയ്യുന്നു. ഈ ഓർഗൻ വൈദ്യുതി ഉത്പാദിപ്പിക്കുന്നു. ശത്രുക്കളിൽനിന്നു രക്ഷ നേടാനും ഇരയെ പിടികൂടാനും ഇതു പകരിക്കുന്നു. ഇലക്ട്രിക് ഓർഗനില്ലാത്ത റേ മത്സ്യങ്ങൾക്കു ശക്തിയേറിയ കൊമ്പുകളുണ്ട്.

തരുണാസ്ഥിമത്സ്യങ്ങളും അസ്ഥിമത്സ്യങ്ങളും കടലിനടിയിൽ ജീവിക്കുന്നുണ്ട്. ഇതൊരു തരുണാസ്ഥിമത്സ്യംതന്നെ. സ്പൈനാക്സ് നൈജർ എന്നയിനം സ്രാവ് 2800 ഓളം മീറ്റർ ആഴത്തിലെത്തുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. ശരിക്കും പറഞ്ഞാൽ അസ്ഥിമത്സ്യങ്ങളാണ് സാക്ഷാൽ ആഴക്കടൽമീനുകൾ. ചൂണ്ടൽമത്സ്യങ്ങൾതന്നെ ഇവയിൽ പ്രധാനം. ശക്തിയേറിയ താടിയെല്ലും കൂർത്തുവളഞ്ഞ പല്ലുകളും തലയിലുള്ള പ്രകാശം പരത്തുന്ന ഒരവയവവും ഇവയുടെ പ്രത്യേകതകളാണ്. 5 സെ. മീ. നീളമുള്ള ലിനോഫ്രൈനും 6 സെ.മീ. നീളമുള്ള ക്രിപ്ട്രോസാറസും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു.

കടലിന്റെ അടിത്തട്ടിൽ മീനുകൾ ജീവിക്കുന്നുണ്ടെന്നു ശാസ്ത്രജ്ഞന്മാർ വിശ്വസിച്ചിരുന്നുവെങ്കിലും ഏതാണ്ട് നൂറു കൊല്ലങ്ങൾക്കുമുമ്പു മാത്രമാണ് അവയിൽ ചിലതിനെയൊക്കെ വടക്കൻ അറ്റ്ലാന്റിക്സമുദ്രത്തിൽനിന്നു ലഭിച്ചത്. ഇംഗ്ലീഷുകാരുടെ ചലഞ്ചർ, അമേരിക്കക്കാരുടെ മൈക്കിൾ സ്റ്റാർസ് എന്നീ ഗവേഷണക്കപ്പലുകളുടെ വിപുലമായ പര്യടനങ്ങളിൽനിന്നാണ് ആഴക്കടൽമീനുകളുടെ വിശദവിവരങ്ങൾ പുറത്തുവന്നത്.

ആഴക്കടലിനു ചില പ്രത്യേക സാഹചര്യങ്ങളാണുള്ളത്. വെളിച്ചമില്ലായ്മതന്നെ പ്രധാനപ്രശ്നം. ഗംഭീരമായ ജലസമ്മർദം, കൊടുംതണുപ്പു നിറഞ്ഞതും ചലനരഹിതവുമായ വെള്ളം, ഭയാനകമായ ഏകാന്തത, സസ്യങ്ങളുടെ അഭാവം, കെട്ടുപിണഞ്ഞ ദുരൂഹതകളുടെ ഇരുൾത്താവളങ്ങൾ എന്നിങ്ങനെയുള്ള ദുസ്സഹവും സങ്കീർണവുമായ സാഹചര്യങ്ങൾ. ഈ സാഹചര്യങ്ങൾ അവിടെക്കഴിയുന്ന മത്സ്യങ്ങളുടെ ശരീരഘടനയിലും ജീവിതരീതിയിലും ഏറെ രൂപാന്തരങ്ങൾ വരുത്തിയിരിക്കുന്നതായി കാണാം. നീലരശ്മികൾ മാത്രം ആഴക്കടലിൽ കടന്നുചെല്ലുന്നു. ആയിരം മീറ്ററിനു താഴെ കുറ്റാക്കൂരിരുട്ടാണ്. ഇവിടെയുള്ള മത്സ്യങ്ങളും കറുത്തവതന്നെ.



ആഴക്കടൽമത്സ്യങ്ങളുടെ ശക്തി കുറഞ്ഞതും ദുർബലവുമായ ശരീരത്തിൽ മാംസമൊക്കെ ശുഷ്കിച്ചു തൂങ്ങിക്കിടക്കുന്നതായി കാണാം. അസ്ഥികൾക്ക് ഒട്ടും കാഠിന്യമില്ല. മൊട്ടുസൂചിയുടെ മുനകൊണ്ട് എല്ലുകൾ വേണമെങ്കിൽ തുളയ്ക്കാം. കശേരുകങ്ങൾ (വെർട്ടിബ്ര) തമ്മിൽ ബലമായി ഘടിപ്പിച്ചിട്ടില്ല. തലയോടിന്റെ എല്ലുകൾ കടലാസുകണക്കെ കനം കുറഞ്ഞതും പൊള്ളയുമാണ്. ചുറ്റുമുള്ള അന്ധകാരം ദർശനേന്ദ്രിയങ്ങളുടെ ഘടനയെ ബാധിച്ചിട്ടുണ്ട്. സമുദ്രത്തിന്റെ അഗാധതയിലെ മത്സ്യങ്ങൾ പലതും അന്ധരാണ്. ആഴക്കടൽമത്സ്യങ്ങൾ കടലിനടിയിൽത്തന്നെ ഉദ്ഭവിച്ച മത്സ്യവർഗമല്ല. പൂർവയുഗങ്ങളിൽ ഉപരിതലത്തിൽ ജീവിച്ചിരുന്ന മത്സ്യവർഗങ്ങൾ ചില പ്രത്യേക കാരണങ്ങളാൽ സമുദ്രാന്തർഭാഗങ്ങളിലേക്കു കുടിയേറിപ്പാർക്കുകയാണ് സാധാരണമായി സംഭവിക്കുന്നത്.

ചുരുക്കത്തിൽ ആഴക്കടൽ മത്സ്യങ്ങൾ വിചിത്രരൂപികളും വിചിത്രനിറമുള്ളവയും വിചിത്രസ്വഭാവരീതികളുള്ളവയുമാണ്. ഉദാഹരണത്തിന്, ഇരയെ പിടിക്കുന്നതും അകത്താക്കുന്നതുമെടുക്കാം. പാമ്പുകൾ ചെയ്യുമ്പോലെ താടിയെല്ലുകൾ അകത്തിയിട്ടാണ് വലിയ ഇരയെ അകത്താക്കുക. രണ്ടിരട്ടി വലുപ്പമുള്ള ഇരയെവരെ ആഴക്കടൽ മത്സ്യം വിഴുങ്ങുന്നു. മാംസഭോജികളാണ്. പൊതുവെയുള്ള ഭക്ഷണം കടൽജീവികളുടെ അസ്ഥികൾ ദ്രവിച്ചു ചേർന്നുണ്ടാകുന്ന ഊറലാണ്. ■

# തിലകക്കുറിയായി ഇന്ത്യ

കളിക്കളം



അനിൽ പി. മാണി



ഏഷ്യാ കപ്പിൽ ഇന്ത്യ മുത്തമിടുമ്പോൾ ഇന്ത്യൻജനത ഒന്നായി പറയുന്നു: തിലക് വർമ, ഇനി നിങ്ങൾ ജീവിക്കുക ഇന്ത്യക്കാരുടെ മനസ്സിലാണ്. തോൽവിയുടെ പടിവാതിലിൽനിന്ന് ഇന്ത്യയെ വിജയത്തിന്റെ കൊടുമുടികയറ്റിയ ധീരനായി ഇതാ തിലക് വർമ എന്ന ഇരുപത്തിരണ്ടുകാരൻ. എന്നും ആവേശത്തോടെ കണ്ടിരുന്ന ഇന്ത്യാ-പാക്കിസ്ഥാൻ പോരാട്ടംപോലെ തന്നെ ആവേശം നിറഞ്ഞ അഗ്നിപരീക്ഷയായിരുന്നു ഏഷ്യാ കപ്പ് ഫൈനൽ ഇന്ത്യയ്ക്കും. പോരാട്ടം അവസാനഓവർവരെ നീണ്ടപ്പോൾ നിശ്ശബ്ദതയും ആവേശവും ഇടകലർന്ന നിമിഷത്തിനാണു ദുബൈ സ്റ്റേഡിയം സാക്ഷ്യം വഹിച്ചത്. എന്നാൽ, തോൽവി എന്ന ഭാരം പേറി പാക്കിസ്ഥാൻ തിരിച്ചുനടക്കുമ്പോൾ, വിജയത്തിനപ്പുറം ഇന്ത്യ എന്ന രാജ്യത്തിന്റെ അഭിമാനം വീണ്ടും ഉയർത്തിപ്പിടിക്കാൻ സാധിച്ചുവെന്ന സന്തോഷത്തോടെയാണ് ഇന്ത്യ മടങ്ങുന്നത്.

ഏഷ്യാ കപ്പ് പ്രാഥമികറൗണ്ടുകളിലെ രണ്ടു മത്സരങ്ങളിൽ നേർക്കുനേർ ഏറ്റുമുട്ടിയപ്പോൾ പരാജയം രുചിച്ച പാക്കിസ്ഥാനെയല്ല ഫൈനലിൽ ഇന്ത്യ കണ്ടത്. നഷ്ടപ്പെടാൻ ഒന്നുമില്ലാത്തവന്റെ ധൈര്യത്തിൽ ഫൈനൽ കളിക്കാനിറങ്ങിയ പാക്കിസ്ഥാനെ നേരിടാൻ ഇന്ത്യ ഇറങ്ങിയപ്പോൾ കാര്യങ്ങൾ അത്ര പന്തിയല്ലായിരുന്നു. പരിക്കേറ്റ ഹാർദിക്കിനു പകരം റിങ്കുസിങ് ഇറങ്ങിയപ്പോൾത്തന്നെ ഒരു ബൗളറുടെ അഭാവം ഇന്ത്യയെ വേട്ടയാടി. വിക്കറ്റ് നഷ്ടപ്പെടാതെ മികച്ച ബാറ്റിങ് പുറത്തെടുത്ത പാക്കിസ്ഥാനെ തുടക്കത്തിലേ പിടിച്ചുകെട്ടാൻ ഇന്ത്യൻ ബൗളർമാർ പാടുപെട്ടു.

എന്നാൽ, മധ്യഓവറുകളിൽ പാക്കിസ്ഥാനെ പിടിച്ചുകെട്ടാൻ ഇന്ത്യയ്ക്കായി. താരതമ്യേന ചെറിയ സ്കോറിനു പാക്കിസ്ഥാനെ എറിഞ്ഞിട്ട ഇന്ത്യയ്ക്ക് വിജയം ഏറെ അകലെയല്ലെന്ന് എല്ലാ ഇന്ത്യക്കാരും വിചാരിച്ചു. 146 എന്നത് ചെറിയൊരു സംഖ്യയായി കണ്ടു.

എന്നാൽ, പാക്കിസ്ഥാൻ പേസ് ആക്രമണത്തിൽ ആദ്യ മൂന്നു വിക്കറ്റുകൾ നഷ്ടപ്പെടുകയും ബാറ്റിങ്ങിൽ താളം കണ്ടെത്താൻ കഴിയാതെ വരികയും ചെയ്തതോടെ തോൽവി മുന്നിൽക്കണ്ട് ആരാധകരും നിശ്ശബ്ദരായി. ആദ്യ പത്ത് ഓവറുകൾ പിന്നിടുമ്പോൾ 58 റൺസായിരുന്നു ഇന്ത്യൻ സ്കോർബോർഡിൽ ഉണ്ടായിരുന്നത്. പിന്നീട് കണ്ടത് ഇന്ത്യൻ ക്രിക്കറ്റ് ആരാധകർക്കെന്നല്ല, ലോകമലയാളികൾക്കാകെ അഭിമാനമായ സഞ്ജു സാംസൺ ബാറ്റിങ്ങിനിറങ്ങുന്ന കാഴ്ചയാണ്; തിലക് വർമയോടൊപ്പം മികച്ചൊരു സഖ്യം രൂപപ്പെടുന്നതാണ്. ഒരിക്കൽ ജീവൻ തിരിച്ചുകിട്ടിയ സഞ്ജു-തിലക് വർമ സഖ്യം ഇന്ത്യയെ മത്സരത്തിലേക്കു തിരിച്ചുകൊണ്ടുവന്നു. വീണ്ടും ശിവം ദുബെയെ കൂട്ടുപിടിച്ച് തിലക് വർമ പ്രത്യാക്രമണം തുടരുന്നു. അവസാന ഓവറിന്റെ 4 പന്തിൽ ഏഷ്യാകപ്പിൽ അഭിമാനമായി കളിക്കാനിറങ്ങിയ റിങ്കു സിങ്ങിന്റെ അതിമനോഹരമായ ബൗണ്ടറിയിലൂടെ ഇന്ത്യ ഏഷ്യാ കപ്പിന്റെ ചാമ്പ്യന്മാരായി.

ഇതിൽ എടുത്തുപറയേണ്ടത് തിലക് വർമ എന്ന 22 കാരന്റെ ഒറ്റയാൾപോരാട്ടമാണ്. പാക് പേസർമാരെ ആത്മധൈര്യത്തോടെ നേരിട്ട് ഇന്ത്യൻടീമിനെ വിജയത്തിലേക്കു നയിക്കാൻ തിലക് വർമയ്ക്കു സാധിച്ചു. ഒരിക്കലെങ്കിലും ഇന്ത്യൻ ആരാധകർ ചിന്തിച്ചിട്ടുണ്ടാവും, ഇന്ത്യൻ തോൽവിയെക്കുറിച്ച്. എന്നാൽ, സമ്മർദത്തിന്റെ തുലാസിൽ ജയപരാജയങ്ങൾ മാറിമറിഞ്ഞ ഇന്ത്യ-പാക്കിസ്ഥാൻ ഐതിഹാസിക പോരാട്ടങ്ങളിൽ അവസാനജയം ഇന്ത്യയ്ക്കൊപ്പമാണ് എന്നു കാണിച്ചുതന്നു. അനേകംമത്സരങ്ങൾ ഇന്ത്യൻ ജനതയുടെ മനസ്സിലുണ്ട്. അതിലുപരി അഭിമാനിക്കാം. സ്വന്തം രാജ്യത്തിനായി കിരീടം നേടാനിറങ്ങിയ പതിനൊന്നുപേരിൽ ഒരാളായി സഞ്ജുവും ഉണ്ടായിരുന്നു. അതിലുപരി വിജയത്തിന്റെ പടികയറുമ്പോൾ വ്യക്തമായ സംഭാവന നല്കാൻ സഞ്ജുവിനായി. ഇന്ത്യൻ ക്രിക്കറ്റിന്റെ കിരീടനേട്ടങ്ങളിൽ അങ്ങനെ ഒരു മലയാളികൂടി കൈയൊപ്പു ചാർത്തി. തോൽവിയിൽനിന്നു തിരിച്ചുകയറുന്നതിനു തന്റെ ടീമിനു കരുത്തേകാൻ സാധിച്ചുവല്ലോയെന്നോർത്ത് സഞ്ജുവിന് അഭിമാനിക്കാം.

ഏഷ്യാ കപ്പിന്റെ തുടക്കംമുതൽ ഏറെ ചർച്ചചെയ്യപ്പെട്ട മത്സരങ്ങളായിരുന്നു ഇന്ത്യാ-പാക് പോരാട്ടങ്ങൾ. ക്രിക്കറ്റിനെക്കാൾ അധികമായി സ്വന്തം രാജ്യത്തെ സ്നേഹിക്കുന്ന ടീം ജയം തന്റെ രാജ്യത്തെ സൈനികർക്കാണ് സമർപ്പിക്കുന്നത്. കരയിലായാലും കളത്തിലായാലും എതിരാളി പാക്കിസ്ഥാനാണെങ്കിൽ വിജയം എന്നത് ഇന്ത്യയ്ക്ക് അനിവാര്യമാണ്. തന്റെ മുഴുവൻ സമ്മാനത്തുകയും ഇന്ത്യൻ സൈനികർക്കു സമർപ്പിച്ച് സൂര്യകുമാർ മാതൃകയായി.

ഏഷ്യാകപ്പ് വിജയത്തിലൂടെ ടീം ഇന്ത്യ ഒരിക്കൽക്കൂടി ലോക ക്രിക്കറ്റിന്റെ കൊടുമുടി കയറിയിരിക്കുന്നു. ട്വന്റി-20 ക്രിക്കറ്റിന്റെ ഏകാധിപതിയായി ഇന്ത്യൻ ടീം മാറിക്കഴിഞ്ഞു. ടൂർണമെന്റിൽ ഉടനീളം പുറത്തെടുത്ത മികവ് ഫൈനലിലും ആവർത്തിച്ച ഇന്ത്യൻ ബാറ്റിങ് നിരയും ബൗളിങ് നിരയും ഏറെ പ്രശംസ ഏറ്റുവാങ്ങുന്നു.

തോൽവിയുടെ പടിവാതിലിൽനിന്നു വിജയത്തിന്റെ മാന്ത്രികതയിലേക്ക് ഇന്ത്യയെ കൈപിടിച്ചുയർത്തിയ ഓരോരുത്തരെയും ഓർത്ത് നമുക്ക് അഭിമാനിക്കാം. പാക് ആവേശത്തിൽ ഇടയ്ക്കെപ്പോഴോ നിശ്ശബ്ദമായ ഇന്ത്യൻ ആരാധകരേ, നിങ്ങൾ കാത്തിരുന്നു, ശക്തമായി ആഞ്ഞടിക്കാൻ. അവസാന ഓവറിൽ വിജയറൺ നേടുമ്പോൾ ദുബൈ സ്റ്റേഡിയത്തിൽ ഉയർന്ന ആവേശം സ്റ്റേഡിയത്തെ മാത്രമല്ല, ദുബൈ നഗരത്തെവരെ കോരിത്തരിപ്പിച്ചു. അതിനൊപ്പം നിശ്ശബ്ദരായിപ്പോയ പാക്കിസ്ഥാൻ ആരാധകരും. നീലക്കടലായി മാറിയ ദുബൈ സ്റ്റേഡിയമാണ് പിന്നീടു കാണാൻ കഴിഞ്ഞത്. ട്വന്റി-20 ലോകചാമ്പ്യന്മാരുടെ കിരീടത്തിൽ ഏഷ്യാകപ്പിന്റെ പൊൻതൂവൽകൂടി ടീം ഇന്ത്യ ഇന്നലെ തുന്നിച്ചേർത്തു. അഭിമാനിക്കാം ഓരോ ഇന്ത്യക്കാരനും. ഒപ്പം പറയട്ടെ, സഞ്ജു സാംസൺ, നിങ്ങൾ വീണ്ടും ടീംഇന്ത്യയിൽ തുടരണം, മലയാളികളുടെ അഭിമാനമായി. നേരാം എല്ലാ ആശംസകളും ടീം ഇന്ത്യയ്ക്ക്.


**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**

പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, എന്റെ അമ്മേ, പാപികളുടെയും രോഗികളുടെയും ആശ്രയമേ, ത്രിത്വൈകദൈവത്തിന് ഏറ്റവും പ്രസാദിക്കപ്പെട്ട മാതാവേ, ഏറ്റവും കഷ്ടപ്പെടുന്ന പാപിയും രോഗിയുമായ എനിക്കുവേണ്ടി അപേക്ഷിക്കണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും കൈവിടുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. പാപികളുടെയും രോഗികളുടെയും ആശ്വാസത്തിനായി ത്രിത്വൈകദൈവത്തിൽനിന്നും അമ്മയ്ക്കു വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങൾ ഉപയോഗിക്കണമേ. എന്റെ ഈ പ്രത്യേകആവശ്യവും മറ്റാവശ്യങ്ങളും സാധിക്കുന്നതിനും ആശ്വാസത്തിനുമായി പ്രത്യേകമായി അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ കന്യകേ, രക്ഷകന്റെ അമ്മേ, ഈ അനുഗ്രഹത്തെ ഞാൻ എപ്പോഴും ഓർക്കുമെന്നും അമ്മയുടെ സ്തുതികളെ മറ്റുള്ളവരെ അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു.

ഒരു വിശ്വാസി, മോനിപ്പള്ളി


## മാർ സ്ലീവാ മെഡിസിറ്റിക്ക് യൂണിവേഴ്സൽ വേൾഡ് റിക്കാർഡ് ഫോറത്തിന്റെ ആദരവ്

**പാലാ:** ലോകഹൃദയദിനത്തിൽ 1,000 പേർക്ക് ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നൽകിയതിന് മാർ സ്ലീവാ മെഡിസിറ്റിക്ക് യൂണിവേഴ്സൽ വേൾഡ് റിക്കാർഡ് ഫോറത്തിന്റെ ദേശീയ ആദരവ്.

ചൂണ്ടച്ചേരി സെന്റ് ജോസഫ് കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിൽ നടന്ന ചടങ്ങിൽ മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ. ജോസഫ് കണിയോടിക്കൽ, യൂണിവേഴ്സൽ റിക്കാർഡ് ഫോറം ഇന്റർനാഷണൽ ജൂറി ഗിന്നസ് സുനിൽ ജോസഫിൽനിന്ന് ആദരവ് ഏറ്റുവാങ്ങി. പ്രായോഗികഅറിവുകളിലൂടെ ജീവൻ രക്ഷ എങ്ങനെ സാധിക്കാം എന്ന തിരിച്ചറിവ് പകർന്നാണ് മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മെഗാ ബിഎൽഎസ് പരിശീലനം നൽകിയത്. സമ്മേളനത്തിന്റെ ഉദ്ഘാടനവും മോൺ. ജോസഫ് കണിയോടിക്കൽ നിർവഹിച്ചു.

സെന്റ് ജോസഫ് കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി, സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജുമെന്റ് ആൻഡ് കേറ്ററിങ് ടെക്നോളജി എന്നിവിടങ്ങളിലെ വിദ്യാർഥികൾക്കും അധ്യാപകർക്കും പൊതുജനങ്ങൾക്കും ഉൾപ്പെടെയാണ് ഒറ്റ ദിവസം ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നൽകിയത്. ചൂണ്ടച്ചേരി എൻജിനീയറിങ് കോളജിലെ എൻഎസ്എസ് യൂണിറ്റുമായി സഹകരിച്ചായിരുന്നു പരിപാടി.



ബാലനോവൽ 4

# പൊന്നിവനത്തിലെ കഴുത

നിഥിൻകുമാർ

**ഡോ**സി കിടന്നിരുന്നത് ഒരു വലിയ കുഴിയിലായിരുന്നു. ഇത്രയും താഴ്ചയിലുള്ള കുഴിയാണെന്ന് അവൻ ചിന്തിച്ചതുപോലുമില്ല.

“അയ്യോ! ഇത്രയും വലിയ കുഴിയിൽ ആയിരുന്നോ ഞാൻ. ഇവിടെനിന്നും എങ്ങനെ മുകളിലേക്കു കയറും? നമ്മൾ ഒരു വലിയ കെണിയിലാണെന്നു തോന്നുന്നു കൂട്ടുകാരെ.'' ഡോസി എല്ലാവരോടുമായി പറഞ്ഞു.

''നമ്മളല്ല... നീയും ഈ പൂച്ചകളും... ഞാൻ ഇവിടെയാണ് പണ്ടു മുതലേ താമസം.” റായലിന്റെ സംസാരം കേട്ടപ്പോൾ ശരിക്കും പൂച്ചകൾക്കു വിഷമം തോന്നി.

''നമ്മൾ എങ്ങനെ മുകളിൽ കയറും ഡോസി? ഞാൻ ഒരുപാട് ശ്രമിച്ചു. പക്ഷേ, എന്നെക്കൊണ്ടു കഴിഞ്ഞില്ല.. ഈ കുഞ്ഞുങ്ങളെയുംകൊണ്ട് മുകളിലേക്കു ഞാൻ എങ്ങനെ പോകും?”

“അതൊരു ചോദ്യമാണ്. പക്ഷേ, അതിനൊരു ഉത്തരം ഇപ്പോൾ എന്റെ കയ്യിൽ ഇല്ല.”

ഡോസി വിഷമത്തിൽ പറഞ്ഞതു കേട്ടപ്പോൾ റായലിനും വല്ലാത്തൊരു സങ്കടം തോന്നി. ‘പാവങ്ങൾ.’

“നമ്മൾ ഇത്രയും താഴെ വീണിട്ടും കാര്യമായി പരിക്കുകൾ ഒന്നും പറ്റിയില്ല. അതിന്റെ അർഥം എനിക്കു തോന്നുന്നത് നമുക്കു മുകളിൽ പോകാൻ പറ്റുമെന്നാണ്.”

ഡോസി ആത്മവിശ്വാസത്തിൽ മുകളിലേക്കു നോക്കി.

''നമ്മൾ ഈ കുഴിയിൽ നിന്നു രക്ഷപ്പെടും.”

''എങ്ങനെ?'' കീരയ്ക്കു സംശയം.

“കഴിയും. നിങ്ങളെല്ലാം ഒപ്പം നിൽക്കണം.”

''ഞാൻ നിൽക്കാം.'' കീര ഉറപ്പു നൽകി.

''എന്നെക്കൊണ്ടു പറ്റുന്ന എന്തു സഹായവും ഞാൻ ചെയ്യാം.”

റായൽ ഡോസിക്കു വാക്കു കൊടുത്തു.

''നമ്മൾ പരിശ്രമിച്ചാൽ ഉറപ്പായും പുറത്തേക്കു പോകാൻ പറ്റും. പക്ഷേ, ഞാൻ പറയുന്നപോലെ നിങ്ങൾ കേൾക്കണം.'' ഡോസി എന്തോ ചിന്തിച്ചുകൊണ്ടു പറഞ്ഞു.

“എന്താ നിന്റെ പദ്ധതി?'' റായലിനു സംശയമായി.

“പറയാം. ഞാൻ കഴിഞ്ഞ ദിവസം കുറച്ചു മനുഷ്യരെ കണ്ടിരുന്നു. അവരാണ് നമ്മളെ രക്ഷിക്കാൻ പോകുന്നത്.”

''മനുഷ്യരോ? എങ്ങനെ?'' കീരയ്ക്കു വിശ്വാസം വന്നില്ല.

“അവർ എങ്ങനെ നമ്മളെ സഹായിക്കും? കഴിഞ്ഞ ദിവസവും ചില ആളുകൾ കുഴിയിലേക്കു നോക്കിയിട്ടു പോയി. ആരും സഹായിച്ചില്ല.” കീര വളരെ നിരാശയോടെ തലതാഴ്ത്തി.

''അത് നിങ്ങൾ പൂച്ചകൾ ആയതുകൊണ്ടാണ്. മനുഷ്യന്മാർ ഒരാളെ സഹായിക്കണമെങ്കിൽ എന്തെങ്കിലും ഗുണം അവരിൽനിന്ന് ഉണ്ടാകണം. അല്ലാതെ സഹായിക്കുന്ന ആളുകൾ കുറവാണെന്നാണ് അമ്മ പറഞ്ഞുതന്നിട്ടുള്ളത്.”

ഡോസി മനസ്സിലാക്കിയ കാര്യങ്ങൾ വിശദമായി പറഞ്ഞുകൊടുക്കുകയാണ്.




''പൊന്നിവനത്തിൽനിന്നും പണ്ട് എന്റെ അമ്മയെയും മറ്റു ചില കഴുതകളെയും ആളുകൾ ഗ്രാമത്തിലേക്കു പിടിച്ചുകൊണ്ട് പോയിരുന്നു. കുറച്ചുകാലം കഴിഞ്ഞപ്പോൾ ഗ്രാമത്തിൽനിന്നു രക്ഷപ്പെട്ട അമ്മ തിരികെ പൊന്നിവനത്തിൽ വന്നു. അന്ന് അമ്മ പറഞ്ഞ അനുഭവങ്ങളാണ് എന്റെ അറിവ്. ഗ്രാമത്തിൽ കഴുതകൾക്ക് ആവശ്യക്കാരുണ്ട്. നേരത്തേ പറഞ്ഞതുപോലെ. ഞങ്ങളെ ഇന്നും ആളുകൾ ഭാരം ചുമക്കുന്ന മൃഗമായിട്ടാണ് കാണുന്നത്. അതുതന്നെയാണ് ഇപ്പോൾ നമുക്കു രക്ഷപ്പെടാനുള്ള മാർഗവും.”

''നീ പറഞ്ഞത് എനിക്കു മനസ്സിലായില്ല ഡോസി.” റായൽ പറഞ്ഞു.

“അതായത്, ആളുകൾ നമ്മളെ കാണണം. പ്രത്യേകിച്ചും എന്നെ കാണണം. കുഴിയിൽ ഒരു കഴുത കിടക്കുന്നതു കാണുമ്പോൾ ആളുകൾ എന്നെ മുകളിൽ കയറ്റും. ഒപ്പം നിങ്ങളെയും.”

“പക്ഷേ, അത് അപകടമല്ലേ. ആളുകൾ നിന്നെ പിടിച്ചുകൊണ്ടുപോകില്ലേ?”

''അതിനാണ് നിങ്ങളുടെ സഹായം.” റായലിനെ നോക്കി ഡോസി പറഞ്ഞു.

“ഞാൻ എന്താണു ചെയ്യേണ്ടത്?”

“പറയാം. ആദ്യം നീ മുകളിൽ ചെല്ലണം. ആളുകൾ വരുമ്പോൾ ഞങ്ങളെ അറിയിക്കണം. ആ സമയം ഞാൻ ഉച്ചത്തിൽ കരയും. ശബ്ദം കേൾക്കുന്ന ആളുകൾ കുഴിയിലേക്കു വന്നു നോക്കും. അപ്പോൾ എന്നെ കാണും. എങ്ങനെയും അവർ എന്നെ മുകളിൽ എത്തിക്കും. ആ സമയം നിങ്ങൾ തേളുകൾ കൂട്ടത്തോടെ അവരെ ആക്രമിക്കാൻ പോകണം. ആ സമയം ഞാൻ രക്ഷപ്പെട്ടോളാം.. പിന്നെ ഒരു കാര്യം. എന്നെ മുകളിലേക്കു കയറ്റുന്ന നേരം കീരയും കുഞ്ഞുങ്ങളും എന്റെ ദേഹത്ത് അള്ളിപ്പിടിച്ചിരിക്കണം. മുകളിൽ എത്തിയാൽ ഉടനെ എങ്ങോട്ടേലും ഓടിക്കോണം.”

ഡോസി പദ്ധതി വിശദമായി പറഞ്ഞുകൊടുത്തു.

''ഞങ്ങളുടെ ആക്രമണം വിജയം കണ്ടില്ലെങ്കിലോ?”

“നമുക്കു നോക്കാം. ഇപ്പോൾ അത്യാവശ്യം നമുക്കു മുകളിൽ എത്തുക എന്നതു മാത്രമാണ്. അല്ലേൽ വെള്ളവും ആഹാരവും ഇല്ലാതെ ചത്തുപോകും. മുകളിൽ എത്തിയിട്ട് സംഭവിക്കുന്നതൊക്കെ പിന്നീട് ചിന്തിക്കാം. ഇപ്പോൾ ഞാൻ പറയുന്നതു പോലെ ചെയ്യ്.” എന്നാൽ, ഡോസിയുടെ പദ്ധതി എത്രമാത്രം വിജയിക്കുമെന്ന് ആർക്കും ഉറപ്പില്ല. എങ്കിലും മറ്റൊരു മാർഗം ഇല്ലാത്തതുകൊണ്ട് അവർ ഡോസി പറഞ്ഞതുപോലെ ചെയ്യാൻ തീരുമാനിച്ചു.

“നിങ്ങൾ പേടിക്കണ്ട. അപകടം ഉണ്ടാകുന്നെങ്കിൽ എനിക്കു മാത്രമേ ഉണ്ടാകൂ. നമ്മൾ ഒന്നും ചെയ്തില്ലേൽ എല്ലാവരും ഇവിടെക്കിടന്നു കഷ്ടപ്പെടും. നിങ്ങൾ പൂച്ചകൾക്കെങ്കിലും രക്ഷ കിട്ടുമല്ലോ. ബാക്കിയൊക്കെ പിന്നെ നോക്കാം.”

ഡോസി കൂടുതൽ ആത്മവിശ്വാസം എല്ലാവർക്കും നൽകി. ഡോസി പറഞ്ഞതുപോലെ ഒരു കൂട്ടം തേളുകൾ കുഴിയിൽ നിന്നു മുകളിലേക്കു കയറിത്തുടങ്ങി. കഴുതയും പൂച്ചകളും അതും നോക്കി നിന്നു. പ്രതീക്ഷയോടെ. കുറച്ചുനേരം കഴിഞ്ഞപ്പോൾ കുഴിയുടെ മുകളിൽ നിന്നും റായൽ വിളിച്ചു പറഞ്ഞു:

''ആളുകൾ വരുന്നുണ്ട്.'' റായൽ പറഞ്ഞതു കേട്ടതും ഡോസിയുറക്കെ കരയാൻ തുടങ്ങി. തുടരെ അലറിക്കരയാൻ തുടങ്ങി. കഴുതയുടെ ശബ്ദം ആളുകൾ ശ്രദ്ധിക്കാൻ തുടങ്ങി.

“എന്തോ കരയുന്ന ശബ്ദമല്ലേ അത്?'' ഒരാൾ സംശയം പ്രകടിപ്പിച്ചു.

(തുടരും)

ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# എതിർലിംഗം

**മ**ലയാളത്തിലെ ലിംഗവ്യവസ്ഥയ്ക്ക് അർത്ഥമാണ് മാനദണ്ഡം. പുംസ്ത്വം ഉള്ളതെല്ലാം പുല്ലിംഗവും സ്ത്രീത്വം ഉള്ളതെല്ലാം സ്ത്രീലിംഗവുമാകുന്നു. ജീവനുള്ളവയിൽ മനുഷ്യവർഗത്തിനു മാത്രമേ പുംസ്ത്വവും സ്ത്രീത്വവും നിശ്ചയിക്കാൻ ലിംഗപഠനത്തിൽ വ്യവസ്ഥയുള്ളൂ. ജീവനുള്ള മറ്റുള്ളവയെ കുറിക്കുന്ന ഏതു നാമവും വ്യാകരണപരമായി നപുംസകലിംഗമാണ്. മലയാളവ്യാകരണപ്രകാരം നപുംസകലിംഗനാമങ്ങളുടെ സവിശേഷതയാണത്. ത്രിലിംഗവ്യവസ്ഥയാണ് മലയാളത്തിന്റേതെന്നു സാരം.

പുല്ലിംഗ-സ്ത്രീലിംഗശബ്ദങ്ങളിൽ ചിന്താക്കുഴപ്പം ഉണ്ടാവാൻ ഇടയുള്ള ഒരു വസ്തുതയെക്കൂടി പരാമർശിക്കേണ്ടതുണ്ട്. എതിർലിംഗം അഥവാ വിപരീതലിംഗം എന്ന സംജ്ഞയാണത്. പുല്ലിംഗ-സ്ത്രീലിംഗ വിഭജനത്തിൽ പുംസ്ത്വവും സ്ത്രീത്വവും മാത്രമേ നോക്കേണ്ടതുള്ളൂ. എന്നാൽ, എതിർലിംഗപരിഗണനയിൽ അതുമാത്രം പോരാ. ലിംഗപ്രത്യയം ചേരുന്ന പ്രകൃതിയുടെ അർഥംകൂടി നോക്കേണ്ടതുണ്ട്. അല്ലെങ്കിൽ വിവക്ഷിതം മാറിപ്പോകാം.

ഇക്കാര്യത്തിൽ, പ്രഫ. ആദിനാട് ഗോപിയുടെ നിരീക്ഷണം ശ്രദ്ധാർഹമാണ്. അത് ഇവിടെ ചേർക്കുന്നു: “ഭർത്താവ് എന്ന പദത്തിന്റെ സ്ത്രീലിംഗരൂപം ഭാര്യയാണ്. ദമ്പതികളിൽ ഒരാൾ പുരുഷനും മറ്റേയാൾ സ്ത്രീയുമാണല്ലോ. എന്നാൽ, ഭർത്താവ് എന്ന പദത്തിന്റെ എതിർലിംഗം ഭാര്യയല്ല. എങ്ങനെയെന്നല്ലേ? ഭർത്താവ് എന്ന പദത്തിന്റെ അർഥം ഭരിക്കുന്നവൻ എന്നാണ്. അതിന്റെ സ്ത്രീലിംഗം (എതിർലിംഗം) ഭർത്ത്രി. ഭരിക്കുന്നവൾ എന്നർഥം. ഭാര്യ ഭരിക്കപ്പെടുന്നവൾ ആണ്. അതിന്റെ പുല്ലിംഗം ഭാര്യൻ ആണ്. മറ്റൊരു ഉദാഹരണംകൂടി: നേതാവ് നയിക്കുന്നവനാണ്. ആ പദത്തിന്റെ സ്ത്രീലിംഗം നായിക. എന്നാൽ, എതിർലിംഗം നേത്രി ആണ്. നയിക്കുന്നവൾ എന്നർഥം. പുല്ലിംഗനാമത്തിന്റെ എതിരായ സ്ത്രീലിംഗത്തിന് എതിർലിംഗം അഥവാ അദർ ജെൻഡർ എന്നും പേരു തിരിച്ചു മനസ്സിലാക്കിയിരുന്നാൽ നന്ന്. എതിർലിംഗത്തിൽ അർഥം മാറരുത്. ലിംഗമേ മാറാവൂ.”*

* ആദിനാട്, ഗോപി, പ്രൊഫ., മലയാളം (ഭാഷ, വ്യാകരണം, പ്രയോഗം) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം – 197.


കവിത | അജിത സത്യൻ

# സംതൃപ്തരാകാം

കരഞ്ഞുതീർക്കാതിനി ജീവിതം
ജീവിച്ചിടാനായ് പരിശ്രമിക്കൂ
ചിലനേരമൊക്കെ കണ്ണീർ പൊഴിച്ചിടാം
സന്തോഷത്താൽ രസിക്കയുമാകാം.

മിഴിനീർ കാണാൻ കാത്തിടുന്നവർ
തളർന്നിടട്ടെ സ്വാർത്ഥതയാലേ
ഉയർച്ചയിൽ താഴ്ത്തുവാൻ ശ്രമിപ്പോർ
ലജ്ജിച്ചിടട്ടെ കുറ്റബോധത്താൽ.

നശ്വരമായൊരീ ജീവിതത്തി-
ലെത്രയോ കാര്യങ്ങൾ ബാക്കിയിനി?
മുന്നേറിടാനായ് കഴിഞ്ഞിടട്ടെ
സംതൃപ്തിയോടെയീ ജീവിതത്തിൽ.



കുറ്റപ്പെടുത്തലിൻ കൂരമ്പുമായ്
ചുറ്റിലുമുന്മാദനൃത്തമാടാതെ
നന്മയായ് ജീവിതം മാറ്റിയെന്നാൽ
ഉൾത്തടമാകെ തുടിച്ചിടും കേൾ.

# പ്രസിഡന്റ് ട്രംപിന്റെ നയങ്ങൾ ഇന്ത്യയ്ക്കു തിരിച്ചടി





നേർമൊഴി

ഫാ. മാത്യു ചന്ദ്രൻകുന്നേൽ

അമേരിക്കൻ പ്രസിഡന്റിന്റെ നയങ്ങളും പരിഷ്കാരങ്ങളും ഇന്ത്യയ്ക്കു കനത്ത തിരിച്ചടിതന്നെയാണ്. ഇന്ത്യയെ അതു ബാധിക്കില്ല, വൻശക്തിയായി മാറിക്കൊണ്ടിരിക്കുന്ന ഇന്ത്യയ്ക്ക് ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള ശക്തിയുണ്ട്, ട്രംപിന്റെ പുതിയ സമീപനങ്ങളെ തിരിച്ചടിയായിട്ടല്ല വളരാനുള്ള പുതിയ മാർഗങ്ങളും അവസരങ്ങളുമായിട്ടാണ് കാണേണ്ടത് എന്നൊക്കെയുള്ള സാന്ത്വനന്യായങ്ങളൊക്കെ പറഞ്ഞാലും പ്രശ്നം പരിഹൃതമാകുന്നില്ല. ഇന്ത്യയുടെ വളർച്ചയെയും പുരോഗതിയെയും അതു നിർണായകമായരീതിയിൽ ബാധിക്കും.

ഇറക്കുമതിത്തീരുവ ഉയർത്തിയാണ് ട്രംപ് ആദ്യമേ ലോകരാഷ്ട്രങ്ങളെ ഞെട്ടിച്ചത്. ഇന്ത്യപോലെയുള്ള രാജ്യങ്ങൾക്ക് പിഴച്ചുങ്കംകൂടി അടിച്ചേല്പിച്ചു. 25 ശതമാനം തീരുവപോലും വിപണിയെ ബാധിക്കും. അത് ഇരട്ടിയാക്കുമ്പോഴുണ്ടാകുന്ന ആഘാതം കണക്കുകളുടെ അകമ്പടിയല്ലാതെതന്നെ സാധാരണക്കാർക്കുപോലും മനസ്സിലാകും. പിഴച്ചുങ്കത്തിന്റെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുന്നതിനുമുമ്പുതന്നെ തൊഴിൽവിസായുടെ കാര്യവും ഇന്ത്യാക്കാർക്കു ഭാരമാകത്തക്കവിധം കർശനമാക്കി. ഐ.ടി. പോലെ ഉയർന്ന ശമ്പളസാധ്യതയുള്ള വിസായുടെ നിരക്ക് ഇരുപത് ഇരട്ടിയോളം വർദ്ധിപ്പിച്ച് ഒരു ലക്ഷം ഡോളറാക്കി ഉയർത്തി. ഒരു ലക്ഷം ഡോളർ ഇന്ത്യൻ രൂപായിൽ 88 ലക്ഷത്തോളമാണ്. ഇതുവരെ വിസയ്ക്കുവേണ്ടി ചെലവഴിക്കേണ്ടിയിരുന്നത് രണ്ടരലക്ഷം മുതൽ അഞ്ചുലക്ഷം വരെയാണ്. അതാണ് കുത്തനെ ഒരു ലക്ഷം ഡോളറാക്കി ഉയർത്തിയത്.

ഉയർന്ന വേതനമുള്ള ജോലികൾക്കായി വിദേശികൾക്ക് അമേരിക്ക അനുവദിക്കുന്ന വിസയാണ് എച്ച് വൺ ബി വീസ. ഈ വിസയുടെ ചെലവ് നിർവഹിക്കുന്നത് ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കുന്ന കമ്പനികളാണ്. അമേരിക്കയിലെ എച്ച് വൺ ബി വിസക്കാരിൽ 71 ശതമാനവും ഇന്ത്യക്കാരാണ്. അവരുടെ ശരാശരി വാർഷികവരുമാനം 58 ലക്ഷം രൂപയാണ്. അതിന്റെ ഇരട്ടിയോളം തുക മുടക്കിവേണം കമ്പനികൾ അവരെ നിയമിക്കാൻ. വെറും അഞ്ചു ശതമാനത്തിൽ താഴെ ജോലിക്കാർക്കു മാത്രമാണ് ഒന്നരലക്ഷം ഡോളറിനുമുകളിൽ ശമ്പളമുള്ളത്. കമ്പനികൾ എച്ച് വൺ ബി വിസയെ ആശ്രയിക്കാതിരുന്നാൽ അമേരിക്കയിലേക്കുള്ള ഇന്ത്യാക്കാരുടെ കുടിയേറ്റം വലിയതോതിൽ കുറയും. പ്രസിഡന്റ് ട്രംപ് ഉദ്ദേശിക്കുന്നത് അതുതന്നെയാണ്. നുഴഞ്ഞുകയറ്റക്കാരെയും നിയമാനുസൃതം അമേരിക്കയിലേക്കു കുടിയേറുന്നവരെയും നിയന്ത്രിക്കുക.

കുടിയേറ്റം ഗണ്യമായി നിയന്ത്രിച്ചാൽ അമേരിക്കയിലെ തൊഴിലില്ലായ്മ കുറെയൊക്കെ പരിഹരിക്കപ്പെടും. പ്രത്യേക പഠനവും പരിശീലനവുമുള്ള വിദേശ ഉദ്യോഗാർഥികൾക്കു തുല്യരായവരെ ഉടനടി രാജ്യത്ത് ലഭ്യമായെന്നു വരില്ല. ആ കുറവ് വിദ്യാഭ്യാസകേന്ദ്രങ്ങളിലൂടെ പരിഹരിക്കും. അതിന്റെ ഫലമായി ശാസ്ത്രസാങ്കേതികവിദ്യാഭ്യാസമേഖല ശക്തിപ്പെടുന്നതിനിടയാകും. തൊഴിൽമേഖലയിലെ സ്വയംപര്യാപ്തത ഒരു രാജ്യത്തിനാവശ്യമാണ്. വിലകൊടുത്ത് തൊഴിലാളികളെ വാങ്ങുന്ന രീതി എളുപ്പമുള്ളതാണെങ്കിലും ഒരു രാജ്യത്തിന്റെയും ഭാവിക്കു നല്ലതല്ല.

അമേരിക്ക വലിയ സാമ്പത്തികഞെരുക്കത്തിലാണ്, ട്രംപിന്റെ കാലത്തുതന്നെ അമേരിക്കൻ സാമ്പത്തികത്തകർച്ച സമ്പൂർണമാകുമെന്നൊക്കെയുള്ള അമേരിക്കൻവിരുദ്ധശക്തികളുടെ പ്രചാരണത്തിന് വലിയ വില കല്പിക്കേണ്ടതില്ല. അമേരിക്കൻ സാമ്പത്തികസ്ഥിതി ഇപ്പോഴും ശക്തമാണ്. ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തികശക്തി അമേരിക്കതന്നെയാണെന്നാണ് വിദഗ്ധരുടെ വിലയിരുത്തൽ. സാമ്പത്തികവളർച്ചാനിരക്കു കുറവായതിനാലാണ് സാമ്പത്തികമാന്ദ്യം, സാമ്പത്തികത്തകർച്ച എന്നൊക്കെയുള്ള അഭ്യൂഹങ്ങൾ പ്രചരിക്കുന്നത്. അമേരിക്കയിലെ സർവീസ് സെക്ടറിലാണ് വളർച്ചാനിരക്ക് കുറവ്. ഭക്ഷ്യവസ്തുക്കൾ, ഇന്ധനം ഉൾപ്പെടെയുള്ള നിത്യോപയോഗസാധനംപോലെയോ അതിനേക്കാൾ പ്രധാനമോ ആണ് മൊബൈൽ, ഇന്റർനെറ്റ് പോലെയുള്ള സൗകര്യങ്ങൾ. അത്തരം ഉത്പന്നങ്ങളെല്ലാം ചൈന, ഇന്ത്യപോലെയുള്ള രാജ്യങ്ങളിലാണ് ഉത്പാദിപ്പിക്കപ്പെടുന്നത്. അതിന്റെ ഫലമായി പൊതുസേവനമേഖലയിലെ വളർച്ചാനിരക്ക് അമേരിക്കയിൽ കുറവാണ്. എന്നാൽ, പ്രതിരോധം, സിവിൽ ഏവിയേഷൻ, കാർഷികം, വ്യവസായം തുടങ്ങിയ മേഖലകളിൽ അമേരിക്കൻ സാമ്പത്തിക വളർച്ചാനിരക്ക് ഉയർന്ന നിലയിൽത്തന്നെയാണ്.

അമേരിക്കൻനയങ്ങൾ അമേരിക്കയെ മാത്രമല്ല, ലോകരാഷ്ട്രങ്ങളെ മുഴുവൻ സ്വാധീനിക്കും. കാരണം, അമേരിക്ക എന്ന രാജ്യം അത്ര ശക്തമാണ്. പ്രസിഡന്റ് ട്രംപിന്റെ നയവ്യതിയാനങ്ങൾ ചർച്ച ചെയ്യപ്പെടാനുള്ള കാരണങ്ങൾ രണ്ടാണ്. ഒന്ന്: തീരുമാനങ്ങൾ പെട്ടെന്നുണ്ടാകുന്നു, അപ്രതീക്ഷിതമായിട്ടുണ്ടാകുന്നു. രണ്ട്: ഉടനടി അത് നടപ്പിലാക്കുന്നു. പ്രസിഡന്റ് ട്രംപിന്റെ എല്ലാ തീരുമാനങ്ങളും അമേരിക്കൻ താത്പര്യങ്ങളെ ഉയർത്തിപ്പിടിക്കുന്നതും അമേരിക്കയ്ക്ക് സാമ്പത്തികനേട്ടം ഉറപ്പാക്കുന്നതുമാണ്. കച്ചവടക്കാരനായ ഒരു രാഷ്ട്രീയക്കാരന്റെ സ്വാഭാവികപ്രതികരണങ്ങളാണ് പ്രസിഡന്റ് ട്രംപിൽനിന്നുണ്ടാകുന്നത്. ■

---




*6-ാം പേജ് തുടർച്ച*

“വേണം. അവന്റെ ഡേറ്റാസ് ഞാൻ കളക്ട് ചെയ്തിട്ടുണ്ട്. കാഴ്ചയിൽ വ്യത്യസ്തനാണ്. താടിയും മുടിയും നീട്ടി വളർത്തി പാന്റും അയഞ്ഞ ഖാദിജൂബയും ധരിച്ചുനടക്കുന്ന ഒരുത്തൻ. മുഖത്ത് വല്ലാത്ത ഒരു വശ്യതയുണ്ട്. ജീവസ്സുറ്റ കണ്ണുകൾ. നല്ല ചിരി. ഇങ്ങനെയുള്ളവരോട് പെണ്ണുങ്ങൾക്ക് ഒരിഷ്ടം തോന്നാം.”

“സൺസ്റ്റാർ കൺസ്ട്രക്ഷൻസിലെ ടോപ് ആർക്കിടെക്ടാണയാൾ. സംസ്ഥാനത്തെ ഒരു മന്ത്രിയുടെയും സൂപ്പർസ്റ്റാറിന്റെയും ഒരു സമുദായപ്രമുഖന്റെയും വീടിന്റെ പ്ലാൻ ശ്രീജിത്തിന്റേതാണ്.

“രാജീവന്റെ ഇൻഫർമേഷൻ കറക്ട്. ഇതാണ് പോലീസിന്റെ കൈകൾ ലോക്കാക്കുന്ന കാര്യം. നമുക്കിപ്പോൾത്തന്നെ റോണിയുടെ വീടിന്റെ പരിസരങ്ങൾ ഒന്നുകൂടി സേർച്ച് ചെയ്യണം.”

“ശരി സാർ.” എച്ച്. സി. രാജീവൻ എഴുന്നേറ്റു. മിനിറ്റുകൾക്കുള്ളിൽ സർക്കിൾ ഇൻസ്പെക്ടർ മോഹൻതോമസും എച്ച്.സി. രാജീവനും കയറിയ പൊലീസ് ജീപ്പ് റോണിയുടെ വാടകവീട് ലക്ഷ്യമാക്കി പാഞ്ഞു. ഇരുപതു മിനിറ്റുകൊണ്ട് ജീപ്പ് വീട്ടുമുറ്റത്തെത്തി. വീട് പൂട്ടിക്കിടക്കുകയാണ്.

“അവൻ താമസം മാറ്റിക്കാണും. ദുർമ്മരണം നടന്ന വീട്ടിൽ താമസിക്കാൻ ധൈര്യം കാണില്ല.” എച്ച്.സി. രാജീവൻ പറഞ്ഞു.

“വീടിപ്പോൾ തുറക്കണ്ട. ചുറ്റുപാടും ഒന്നരിച്ചുതപ്പണം. എന്തെങ്കിലുമൊക്കെ തെളിവുകിട്ടിയെങ്കിലോ? ഈ കേസിന്റെ ഏറ്റവും വലിയ പ്രശ്നം മരിച്ചവളുടെ ഫോൺ കിട്ടാത്തതാണ്. അവൾ ഒടുവിൽ ആരെ വിളിച്ചു, അവളെ ആരൊക്കെ വിളിച്ചു, ചാറ്റ് ചെയ്തതെന്തൊക്കെയാണ്, ഇതൊക്കെ ഫോൺ കിട്ടിയിരുന്നെങ്കിൽ പിടിച്ചെടുക്കാമായിരുന്നു.”

“ഫോൺ ചിലപ്പോൾ കിണറ്റിൽ കണ്ടേക്കും.” രാജീവൻ പറഞ്ഞു.

“ശരിയാ. നമ്മുടെ മുങ്ങലുകാരനെ വിളിച്ച് ഉടനെത്താൻ പറയ്.” സർക്കിൾ ഇൻസ്പെക്ടർ കല്പിച്ചു.

“രാജീവൻ, കിണറുകളിൽനിന്നു ശവം കണ്ടെടുക്കുകയും മറ്റു തൊണ്ടിസാധനങ്ങൾ തപ്പിയെടുക്കുകയും ചെയ്യുന്നതിൽ വിദഗ്ധനായ കില്ലാടികരുണന്റെ നമ്പർ ഡയൽ ചെയ്തു. കരുണനെ ലൈനിൽകിട്ടി. വിവരമറിയിച്ചു. ഇരുപതു മിനിറ്റു കഴിഞ്ഞപ്പോൾ കരുണൻ ബൈക്കിൽ വീട്ടുമുറ്റത്തെത്തി.

അവൻ അമിതവിനയത്തോടെ കൈകൂപ്പി സർക്കിളിനെയും എച്ചി.സി. രാജീവനെയും വണങ്ങി.

നിർദേശങ്ങൾ കിട്ടിയതേ കരുണൻ കിണറിന്റെ തൂണിൽ കയർകെട്ടി അതിന്റെ തുമ്പ് കിണറ്റിലേക്കിട്ടു. പിന്നെ കയറിൽപിടിച്ച് ആഴമുള്ള കിണറ്റിലേക്കിറങ്ങി.

(തുടരും)

---

## പഞ്ഞിമരം

♦ കാർഷികം ♦

■ ജോഷി മുഞ്ഞനാട്ട്

നമ്മുടെ വീട്ടുവളപ്പുകളിൽ പഴയകാലങ്ങളിൽ സാധാരണമായി കണ്ടിരുന്ന ഒന്നാണ് പഞ്ഞിമരം. ‘ബോംബോക്കേസി’ കുടുംബത്തിൽപ്പെട്ട പഞ്ഞിമരത്തിനെ ‘കാപോക്ക്’ എന്നും വിളിക്കാറുണ്ട്. പഞ്ഞിമരത്തിന്റെ സ്വദേശം അമേരിക്കയാണെന്നാണു കണക്കാക്കുന്നത്. കേരളത്തിലെ മണ്ണും കാലാവസ്ഥയും ഇവയ്ക്കു വളരെ യോജിച്ചതാണ്. വിത്തുകൾവഴിയാണ് ഇവയുടെ പുനരുൽപാദനം അധികവും നടത്തുന്നത്. 3-4 കൊല്ലം പ്രായമായാൽ മരങ്ങൾ പൂത്തുതുടങ്ങും. കാണ്ഡഭാഗങ്ങൾ നട്ടും മൂപ്പെത്തിയ പാകമായ കമ്പുകൾ മുറിച്ചുവച്ചും ഇവ വളർത്താം. 30 കൊല്ലം വരെ പ്രായമായ മരങ്ങളിൽനിന്നു നല്ല വിത്തുകൾ ലഭിക്കും.

പഞ്ഞിമരവും നിസ്സാരക്കാരനല്ല. കായുടെ ഉൾത്തൊലി, അതിൽനിന്നു കിട്ടുന്ന നാര് എന്നിവ വരുമാനസ്രോതസ്സുകളാണ്. പഞ്ഞി സാധാരണമായി തലയിണയ്ക്കും മെത്തയ്ക്കും മറ്റും ഒരു നിറവസ്തുവായി ഉപയോഗിച്ചുവരുന്നു.

കരകൗശലവസ്തുക്കളുടെ നിർമാണത്തിനും പഞ്ഞിയും പഞ്ഞിക്കായും ഉപയോഗിക്കാറുണ്ട്. പഴയകാലങ്ങളിൽ വീട്ടിൽവച്ചുതന്നെ വീട്ടമ്മമാർ ഇവ ഉപയോഗിച്ച് തലയിണയും മറ്റും ഉണ്ടാക്കുകയും ഒരു കുടിൽവ്യവസായമായി നടത്തിവരികയും ചെയ്തിരുന്നു. പഞ്ഞിമരത്തിന്റെ തടിയും പല ആവശ്യങ്ങൾക്കായി ഉപയോഗിക്കാറുണ്ട്.

തടിക്കു ഭാരം കുറവായതിനാൽ ജീവൻ രക്ഷാബെൽറ്റ്, നാവികസുരക്ഷാവസ്തുക്കൾ തുടങ്ങിയവയുടെ നിർമാണത്തിനും ഉപയോഗിച്ചു വരുന്നു.

പഞ്ഞിവിത്തിൽനിന്ന് 20-25 ശതമാനംവരെ എണ്ണ ലഭിക്കുന്നു. ഇത് പരുത്തിയെണ്ണപോലെ പല ആവശ്യങ്ങൾക്കായി ഉപയോഗിക്കാറുണ്ട്.

ഒരു ലൂബ്രിക്കേറ്റായും സോപ്പുനിർമാണത്തിനും മറ്റ് ഒട്ടനവധി ആവശ്യങ്ങൾക്കുമായി ഈ എണ്ണ ഉപയോഗിക്കുന്നു. എണ്ണ എടുത്തശേഷമുള്ള പിണ്ണാക്കും പഞ്ഞിമരത്തിന്റെ ഇലകളും കാലിത്തീറ്റയായും ജൈവവളമായും ഉപയോഗപ്രദമത്രേ.

വലിയ പഞ്ഞിമരങ്ങൾ മുകൾഭാഗം വെട്ടിനിറുത്തി അതിൽ വാനില, വെറ്റിലക്കൊടി, തിപ്പലി, കുരുമുളകുകൊടി തുടങ്ങിയ വിളകൾ വളർത്താവുന്നതാണ്. ഒരു താങ്ങുകാൽ എന്ന നിലയിലും ഇവ പ്രയോജനപ്പെടുത്താം.

കാർഷികവനവത്കരണത്തിൽ പ്രധാനമായി ഉപയോഗിക്കുന്ന ഒരു വൃക്ഷമാണ് പഞ്ഞിമരം. കൃഷിയിടത്തിൽ ഒരു പഞ്ഞിമരത്തിനെങ്കിലും സ്ഥാനം നൽകുവാൻ നമുക്കു കഴിയണം.



കഥ

# ബർഗർ

ഡി. ശ്രീദേവി

സ്വർണക്കടയിലേക്കു കയറുമ്പോൾ അവർ ഇരുവരും സന്തോഷവതികളായിരുന്നു. ആതിരയും ധരണിയും. ധരണിക്ക് ആകെയുണ്ടായിരുന്ന മൂലധനമായ കാതിലെ ആ രണ്ടു ചെറിയ മൊട്ടുകമ്മൽ വിൽക്കാനാണ് അവിടെ ചെന്നത്. സ്വർണ്ണവിലയുടെ കുതിച്ചുചാട്ടം അവരെ സന്തോഷിപ്പിച്ചു. പ്രതീക്ഷിച്ച പണം കിട്ടി. മോന്റെ കോളജ് അഡ്മിഷനു വേണ്ട ചെലവിലേക്കായിട്ടാണ് അവൾ ആ പണം സ്വരുക്കൂട്ടിയത്. തുച്ഛമായ ആ തുക വാങ്ങിവയ്ക്കുമ്പോൾ അവളുടെ മുഖം വിടർന്നിരുന്നു.

അവർ ഇറങ്ങാൻ തുടങ്ങുമ്പോഴാണ് തോളിൽ ഒരു കൈക്കുഞ്ഞുമായി അയാൾ കയറി വന്നത്... പിറകിൽ അയാളുടെ ഭാര്യയും... സമ്പന്നതയും സന്തോഷവും അവരിൽ ദൃശ്യമായിരുന്നു... അയാളുടെ തനിപ്പകർപ്പായ കുഞ്ഞ് ധരണിയെ നോക്കി ചിരിച്ചു... അവൾക്ക് അതു തള്ളാൻ കഴിഞ്ഞില്ലെങ്കിലും ഉൾക്കൊള്ളാനും പറ്റിയില്ല.... അയാളുടെ തുളഞ്ഞുകയറിയ നോട്ടം അവളുടെ ഹൃദയത്തെ മാന്തിപ്പറിച്ചു.

വാടിപ്പോയ പൂക്കാലങ്ങളും.... വിളർത്തുപോയ നിലാരാത്രികളും... മറക്കാൻ കൊതിച്ചാലും നനുത്തോരുന്മാദത്തോടെ മനസ്സിലൊളിപ്പിച്ച അനുരാഗ വസന്തങ്ങളുമൊക്കെ ചിട ചിക്കി ഒരു നിമിഷംകൊണ്ട് കടന്നുപോയി...

ഏറെനേരം അവൾക്കവിടെ തളർന്നിരിക്കേണ്ടിവന്നു.

അവിവാഹിതയായ ഒരു അമ്മയാണവൾ. അപമാനം ചുമന്നവൾ... പ്രണയനാടകത്തിന്റെ തിരശ്ശീല വീഴുംമുമ്പ്... ഡയലോഗ് മറന്ന നടനെപ്പോലെ അയാൾ കാണികൾക്കിടയിൽ ഒളിച്ചു... നീണ്ട 17 വർഷങ്ങൾ... ഒരിക്കൽപോലും കണ്ടുമുട്ടിയില്ല.

അച്ഛനെക്കുറിച്ച് മകൻ തിരക്കിയില്ല... അവന്റെ വളർച്ചയ്ക്കിടയിൽ അങ്ങനെ പലരെയും അവൻ കണ്ടുമുട്ടിയിരുന്നു...

അച്ഛൻ ഇല്ലാത്തവർ... അമ്മയില്ലാത്തവർ... രണ്ടുപേരും ഇല്ലാത്തവർ... സിംഗിൾ പാരന്റിങ്... അത് അവൻ ഓമനിക്കുന്ന ഒരു വാക്കായി....

അവന് പ്രകൃതിപാഠങ്ങൾ അറിയാം...

"അമ്മ ഈ പ്രകൃതിയിലേക്കു നോക്കൂ... അമ്മയും അച്ഛനും മക്കളും ഒന്നുമില്ലെങ്കിലും... അച്ഛൻ അജ്ഞാതനാണെങ്കിലും അവരൊക്കെ എത്ര സന്തോഷമായിട്ടാണ് ജീവിക്കുന്നത്... പിന്നെ നമുക്കെന്താ...?"

മകൻ തന്ന എല്ലാ ധൈര്യവും ചോർത്തിക്കളഞ്ഞ ഈ കണ്ടുമുട്ടൽ...

അവൾക്കു സങ്കടം സഹിക്കാനായില്ല.... മഴ കഴിഞ്ഞിട്ടും പെയ്യുന്ന മരം പോലെ അവൾ...

ആതിര ഏറെ നിർബന്ധിച്ചിട്ടാണ് അവൾ എഴുന്നേറ്റതു തന്നെ...

"വാ.... നമുക്കെന്തെങ്കിലും കഴിക്കാം."

ആതിര നിർബന്ധിച്ചു. സ്വർണ്ണം വിറ്റു പണം വാങ്ങി മകന് അത്യാവശ്യമുള്ള പുതിയ വസ്ത്രങ്ങളൊക്കെ വാങ്ങിക്കാം... എന്നൊക്കെ പദ്ധതിയിട്ടാണ് അവർ ടൗണിലേക്കു വന്നതു തന്നെ. രാവിലെ ഒന്നും കഴിച്ചിരുന്നില്ല. അവൾ തിളപ്പിച്ചുകൊടുത്ത കട്ടൻചായയും കുടിച്ച് മറ്റൊന്നും കഴിക്കാതെയാണ് മകനും കോളജിലേക്ക് ആപ്ലിക്കേഷൻ ഫോം വാങ്ങിക്കാൻ പോയത്.

"ഇന്നൊന്നും വേണ്ട അമ്മേ... കൂട്ടുകാരുടെ ട്രീറ്റ് ഉണ്ട്..."

അവൻ അങ്ങനെ പറഞ്ഞപ്പോൾ അവൾ എതിർത്തില്ല. കൂട്ടുകൂടി തോന്നിയവാസം നടക്കുന്നവനല്ല മകൻ... എന്തു നടന്നാലും തന്നോടു വള്ളിപുള്ളി വിടാതെ പറയും.. ആഗ്രഹങ്ങളും പ്രതീക്ഷകളും നിരാശകളും ഒക്കെ....

പോയതു പോട്ടെ... ഇന്നെന്തായാലും ഇക്കാര്യം മകനോടു പറയുന്നില്ല. ധരണി മനസ്സിൽ ഉറച്ചു. ധൈര്യം വീണ്ടെടുത്തു. ആതിരയോടൊത്ത് അടുത്തു കണ്ട ബേക്കറിയിൽ കയറി കാപ്പി കുടിച്ചു... ചില്ലലമാരയിൽ പ്രലോഭിപ്പിക്കുന്ന പുതിയ ഇനം പലഹാരങ്ങൾ...

ഇവിടെ ബർഗർ ഉണ്ടോ... കണ്ണാടിച്ചില്ലിനകത്തുകൂടെ നോക്കിക്കൊണ്ടാണ് അവൾ വില്പനക്കാരൻ പയ്യനോടു അതു ചോദിച്ചത്..

പയ്യൻ ചിരിച്ചുകൊണ്ട് വിരൽചൂണ്ടി പറഞ്ഞു: "ഇതല്ലേ ആന്റീ ബർഗർ..."

ആ പരിഹാസം അവളെ നാണിപ്പിച്ചില്ല.

"ഞാനിത് ആദ്യമായിട്ടാ കാണുന്നേ മോനെ..." അവളുടെ മറുപടി കേട്ടപ്പോൾ പയ്യന്റെ ചുണ്ടിലെ പരിഹാസച്ചിരി മാഞ്ഞു.

മോൻ ദിവസത്തിൽ ഒരു വട്ടമെങ്കിലും പറയും ബർഗർ.... എന്ന്... നല്ല രുചിയാണത്രേ. അവന്റെ ക്ലാസിലെ കൂട്ടുകാരൊക്കെ ഉച്ചഭക്ഷണം കൊണ്ടുവരാറില്ല.. പകരം ബർഗറും കോളയുമൊക്കെയാണത്രേ കഴിക്കുന്നത്. വല്ല പത്തോ പതിനഞ്ചോ രൂപയാണെങ്കിൽ നീയും ഒരു ദിവസം വാങ്ങിക്കഴിച്ചോ എന്ന് അവൾ പറഞ്ഞതാണ്. അപ്പോൾ മകൻ പൊട്ടിച്ചിരിച്ചു...

"എന്റെ അമ്മേ.. അതിനൊക്കെ നല്ല വിലയാ... നൂറു നൂറ്റമ്പതു രൂപയാകും..."

അതു കേട്ടപ്പോൾ അവൾ ഞെട്ടി. അത്രയും രൂപയുണ്ടെങ്കിൽ നമ്മുടെ രണ്ടുപേരുടെ രണ്ടുദിവസത്തെ വിശപ്പ് അടക്കാം... ഇത്തരം പണക്കാരുടെ ഭക്ഷണം ഒന്നും നമുക്കു വേണ്ട മോനെ....

അങ്ങനെ പറയുമ്പോഴും ഒരു ദിവസം അവന് ഒരു ബർഗർ വാങ്ങിക്കൊടുക്കണമെന്ന് അവൾ ആഗ്രഹിച്ചിരുന്നു... ഇന്നുതന്നെയാവട്ടെ....

പരാജയത്തിന്റെ സങ്കടം മറക്കാൻ.... മകനെ സന്തോഷിപ്പിക്കാൻ തീരുമാനിച്ചു...

ബർഗർ വാങ്ങി ബാഗിൽ വച്ച്.... തുണിക്കടയിൽ കയറി മോന്റെ പാന്റും ഷർട്ടും തുന്നൽക്കാരനെയും ഏല്പിച്ച്, കുടുംബശ്രീയിലെ മീറ്റിങ്ങും കഴിഞ്ഞ് അവൾ വീട്ടിലെത്തുമ്പോൾ നേരം സന്ധ്യയായി...

വരാന്തയിൽ വെറും നിലത്ത് ബാഗ് തലയണയാക്കി മകൻ കൂർക്കം വലിച്ചുറങ്ങുന്നു...

ഒരു നിമിഷം അവൾ അവനെ നോക്കിനിന്നു.... സ്വർണ്ണക്കടയിൽ കണ്ട അതേ മുഖം...




സ്വന്തം ജീവിതത്തിൽ എന്താണു സംഭവിക്കുന്നത് എന്നറിയാതെ അവളിലെ ഉൾക്കടൽ ഇരമ്പി.

ബാഗ് സ്റ്റാൻഡിൽ തൂക്കിയിട്ട്.... അവൾ വസ്ത്രം മാറി വന്നപ്പോഴേക്കും മകൻ ഉണർന്നിരുന്നു.

അവൻ ആപ്ലിക്കേഷൻ ഫോം എടുത്തു കാണിച്ചു. കുറേ പൂരിപ്പിക്കാൻ ഉണ്ട്.... എന്തായാലും നാളെ രാവിലെ ചെയ്യാം. എന്തെങ്കിലും സംശയമുണ്ടെങ്കിൽ അയൽവക്കത്തെ ടീച്ചറിനോടും ചോദിക്കാം...

"മോൻ പോയി കുളിച്ചിട്ടു വാ..."

അവൻ തോർത്തും സോപ്പും എടുത്ത് ഓടുന്നതു കണ്ടപ്പോൾ അവൾ ഉത്കണ്ഠയോടെ പിൻവിളി വിളിച്ചു.

"ആറ്റിൽ വെള്ളം മെത്തി കിടക്കുകയാണ്. വേഗം വരണം."

അവൻ കൈവീശി അരണ്ട വെളിച്ചത്തിലേക്ക് ഓടിമറഞ്ഞു.

ഒരു നിമിഷം അതു നോക്കി നിന്നിട്ട് അവൾ അടുക്കളയിലേക്കു പോയി. കുറച്ചു ചോറും മീൻ കറിയും ഉണ്ട്. രണ്ടുപേരും ഉച്ചപ്പട്ടിണിയാണ്. നല്ല വിശപ്പുണ്ട്. അവൾ രണ്ടു കപ്പ എടുത്ത് ചെണ്ടൻ പുഴുങ്ങി... ഉള്ളിയും കാന്താരിയും കൂടി അരച്ചുവച്ചു. കാന്താരിയിൽ മുക്കി ഒരു കഷണം ചവച്ചപ്പോൾ നല്ല സ്വാദ്. കപ്പയും കാന്താരിയും മകനും നല്ല ഇഷ്ടമാണ്.

അവൾ പുറത്തിറങ്ങി മകനെ നോക്കി.... അവനെ കണ്ടില്ല... കൂട്ടുകാരുമൊത്തു സൊറ പറഞ്ഞു നില്പായിരിക്കും... ആകാശത്തു നിലാവും നിറയെ നക്ഷത്രങ്ങളും ഉണ്ട്... അവരും പരസ്പരം കഥ പറയുകയാവും... അവൾക്കും ആരോടെങ്കിലും എന്തെങ്കിലുമൊക്കെ സംസാരിക്കണം എന്നു തോന്നി ആതിരയെ വിളിച്ചാലോ എന്നു കരുതി ഫോൺ എടുത്തുനോക്കിയപ്പോൾ അത് ചത്തിരിക്കുന്നു. ഫോൺ ചാർജ് ചെയ്യാൻ വച്ച് അടുക്കളയിലേക്കു വരുമ്പോൾ മോൻ വന്ന് പലകയിൽ ഇരുന്നു കഴിഞ്ഞു.... അമ്മയ്ക്കും അവൻ പലക നീക്കിവച്ചു..

"വല്ലാത്ത വിശപ്പ്... വേഗം വിളമ്പമ്മേ..."

അവൻ തിരക്കുകൂട്ടി.

രണ്ടുപേരും വയറുനിറയെ ഭക്ഷണം കഴിച്ചു.

മോൻ കോളജിൽ പോയ വിശേഷങ്ങളൊക്കെ വാതോരാതെ പറഞ്ഞുകൊണ്ടിരുന്നു.... ചോറും മീൻകറിയും കപ്പയും ഒക്കെ കഴിച്ച് നിറഞ്ഞ വയർ തിരുമ്മി... ഒരു ശാപ്പാടുരാമന്റെ അഭിനയം കാഴ്ചവച്ച് അവളുടെ പാത്രത്തിൽനിന്ന് ഒരു കഷണം കപ്പകൂടി എടുത്തു വായിൽ വച്ചുകൊണ്ട് അവൻ പറഞ്ഞു:

"ഈ കപ്പയുടെ മുൻപിൽ ഏതു ബർഗറും തോറ്റുപോകും." അതും പറഞ്ഞ് അവൻ കൈ കഴുകാൻ ഓടിപ്പോയി....

അടുക്കളജോലിയൊക്കെ കഴിഞ്ഞ് കിടക്കാൻ വന്നപ്പോഴാണ് മോൻ പറഞ്ഞ വാക്യം അവളിൽ തികട്ടിവന്നത്.....

ഈ കപ്പയുടെ മുന്നിൽ ഏതു ബർഗറും തോറ്റുപോകും... ഈശ്വരാ താൻ അതു മറന്നു.

അവൾ തിടുക്കത്തിൽ ബാഗു തുറന്നു.

ബാഗിൽനിന്ന് കുമിഞ്ഞുപൊന്തിയ മണം അവൾക്ക് അത്ര ഇഷ്ടപ്പെട്ടില്ലെങ്കിലും മകന്റെ ഇഷ്ടഭക്ഷണം അല്ലേ.... അവന്റെ ആഹ്ലാദമിരട്ടിക്കട്ടെ എന്നു കരുതി പൊതിയുമായി അടുത്ത ചെല്ലുമ്പോൾ അവൻ ഉറക്കം പിടിച്ചിരുന്നു.

"മോനേ എണീക്കടാ... ഇതാ ബർഗർ..."

അവൻ ഉറക്കത്തിൽ ഒന്നും മനസ്സിലാകാത്തപോലെ വേണ്ടെന്ന് നിരസിച്ചുകൊണ്ടിരുന്നു...

എനിക്കു വേണ്ട. ഒട്ടും വിശപ്പില്ല... അമ്മ കഴിച്ചോ...

അവൻ ഉറക്കത്തിനിടയിലും അതു പറയുന്നതുവരെ അവളാ പൊതിയുമായി കാത്തിരുന്നു.

സ്വർണ്ണക്കടയിൽ കണ്ട മുഖം അവളെ കരയിക്കാൻ കൂട്ടുവന്നിരുന്നു അപ്പോഴേക്കും... അവൾ പതുക്കെ പൊതിയഴിച്ചു... അതിന്റെ ഗന്ധവും രുചിയും ഒട്ടും ഇഷ്ടപ്പെട്ടില്ലെങ്കിലും... മനസ്സില്ലാമനസ്സോടെ അതു കഴിക്കാൻ തുടങ്ങി. അവൾ കഴിച്ചുതീരുമ്പോഴേക്കും രാത്രി രാക്ഷസീയമായി വളർന്നുകഴിഞ്ഞിരുന്നു. പൊതിഞ്ഞ കടലാസ് ചുരുട്ടിക്കൂട്ടി അടുക്കളപാദകത്തിനരികിൽ വച്ച് ഒരു ഗ്ലാസ് വെള്ളവും എടുത്തുകുടിച്ച് ലൈറ്റ് കെടുത്തി അവൾ മോന്റെ അരികിൽ വന്നു കിടന്നു....


ഉറക്കത്തിൽ അവര് ഇരുവരും നല്ല സ്വപ്നങ്ങൾ കണ്ടു...

സ്വർണ്ണക്കടയിൽവച്ച് കണ്ട കുഞ്ഞിനെ അവൾ അരുമയോടെ ചുംബിച്ചു. ആ കുഞ്ഞ് അവളെ കെട്ടിപ്പിടിച്ച് കുടുകുടാ ചിരിച്ചു... ചിരിയുടെ പിന്നാലെ വന്ന മരവിപ്പിക്കുന്ന നിശ്ശബ്ദതയിലേക്കാണ് അവൻ ഉണർന്നത്...

അമ്മ ഉണർന്നിട്ടില്ല..... മുറിനിറയെ ഉറുമ്പുകൾ നിരയിട്ടു നടക്കുന്നു..... അവളുടെ വായോരത്തുകൂടി നുരയും പതയും ഒഴുകുന്നു....

അവൻ അമ്മയുടെ മുഖത്തേക്കു മുഖം ചേർത്തു... പുളിച്ചുനാറിയ ബർഗറിന്റെ മണം....

■



വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ

ഭക്തജനങ്ങൾക്ക് ഹൃദ്യമായ സ്വാഗതം!

# കേരള ഹോട്ടൽ

**FAMILY RESTAURANT**

കുരിശുപള്ളിക്ക് എതിർവശം, പള്ളിക്കവല

രാമപുരം Ph: 9961065441

- ടീപാർട്ടി ഓർഡറുകൾ സ്വീകരിക്കുന്നതാണ്.
- ഓർഡർ അനുസരിച്ചുള്ള വിഭവങ്ങൾ സ്ഥലത്ത് എത്തിച്ചുതരുന്നതാണ്.
- ഐറ്റങ്ങൾ ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി ബുക്കു ചെയ്യേണ്ടതാണ്.



എല്ലാവിധ ഭക്ഷണ പാനീയങ്ങൾക്കും സമീപിക്കുക

പ്രൊപ്രൈറ്റർ: സാബു കണ്ണോത്ത്

---

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ



# തുണ്ടത്തിൽ സ്റ്റോഴ്സ് മാർക്കറ്റ് ജംഗ്ഷൻ, രാമപുരം

**Ph. : 9744662670**

ഹാർഡ്‌വെയർ ഐറ്റംസ്, പെയിന്റ്, മെഷീൻ ടൂൾസ്, ഫോംമെത്തകൾ, ഫ്ളോർമാറ്റുകൾ, പടുതകൾ etc...

**ASIAN, DULUX** കമ്പനികളുടെ അംഗീകൃതവ്യാപാരി

---

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ

**FREE ESTIMATION & INSTALLATION**

**FEATURES**
- Blinds & Curtains
- Photo Framing
- Lamination
- Full cover settee
- Divan Coat
- Roman Blinds



JOHNSON BLINDS & CURTAINS

# JOHNSON FURNISHING

ALANOLICKAL BUILDINGS RAMAPURAM

CALL NOW 9447803477

*Proprietor : Soby Alanolickal*

---

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ



Mother Superior & Community

# CONGREGATION OF JESUS

**(C.J. SISTERS)**

Mary Ward Convent, Pizhaku. Phone:04822-260763

Principal, Staff & Students

**Nirmala Public School, Pizhaku** PH: 04822-263232

---

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ



MOTHER SUPERIOR & COMMUNITY

# ST. AUGUSTINE'S SECULAR INSTITUTE & HOSTEL (M.I.S.I.)

**RAMAPURAM PH: 04822-263305**

Deepanalam Weekly
RNI No : 16998/68
Vol. 58 No. 31 Date of Publication 2 October 2025
Annual Subscription Rate ₹ 400 (For Abroad ₹4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment



# രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളിയിൽ വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ ( ഫാ. അഗസ്റ്റിൻ തേവർപറമ്പിൽ ) തിരുനാൾ

## 2025 ഒക്ടോബർ 07 ചൊവ്വ മുതൽ 16 വ്യാഴം വരെ

## പ്രധാന തിരുനാൾ 2025 ഒക്ടോബർ 16 വ്യാഴം



ആരോരുമില്ലാത്ത അനേകായിരങ്ങൾക്ക് ആശ്രയവും ആലംബവുമായി ജീവിച്ച 'പാവങ്ങളുടെ പിതാവ്' വാഴ്ത്തപ്പെട്ട തേവർപറമ്പിൽ അഗസ്റ്റിനച്ചൻ എന്ന കുഞ്ഞച്ചന്റെ തിരുനാൾ 2025 ഒക്ടോബർ 7 ചൊവ്വാഴ്ച മുതൽ 16 വ്യാഴാഴ്ച വരെ രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളിയിൽ ആഘോഷിക്കുന്നു. അതിരാവിലെ ബലിപീഠത്തിൽനിന്നാരംഭിച്ച് പാവങ്ങളുടെ കുടിലുകളിൽ വിവിധ ശുശ്രൂഷകളാൽ സന്ധ്യയാകുംവരെ സാന്നിധ്യമായിരുന്ന കുഞ്ഞച്ചന്റെ പൂജ്യശരീരം സ്ഥിതിചെയ്യുന്ന കബറിടത്തിങ്കൽ വന്ന് പ്രാർത്ഥിക്കുവാൻ ഏവരെയും സ്നേഹാദരപൂർവം ക്ഷണിക്കുന്നു.

എന്ന് പള്ളിക്കാര്യത്തിൽനിന്ന്,

റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം (വികാരി)
റവ. ഫാ. ഫാ. ജോർജ് പറമ്പിത്തടത്തിൽ (ഹോസ്റ്റൽ വാർഡൻ)
റവ. ഫാ. അബ്രാഹം കുഴിമുള്ളിൽ (സഹവികാരി)
റവ. ഫാ. തോമസ് വെട്ടുകാട്ടിൽ (വൈസ് പോസ്റ്റുലേറ്റർ)
റവ. ഫാ. ജൊവാനി കുറുവാച്ചിറ (സഹവികാരി)

തോമസ് പുളിക്കപ്പടവിൽ, സജി മിറ്റത്താനിക്കൽ, മാത്തുക്കുട്ടി തെങ്ങുംപള്ളിൽ, സിബി മൂണ്ടപ്ലാക്കൽ *(കൈക്കാരന്മാർ)*

## തിരുനാൾ തിരുക്കർമങ്ങൾ

### 2025 ഒക്ടോബർ 07 ചൊവ്വ

09.00 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ടോണി കൊണ്ടകശ്ശേരിൽ
(ജഗദൽപൂർ മിഷനറി ഭവൻ, രാമപുരം)
09.30 am : തീർത്ഥാടനം – മാതൃവേദി, പിതൃവേദി പാലാ രൂപത
10.00 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ് (പുതിയ പള്ളിയിൽ)
മുഖ്യകാർമികൻ: ആർച്ചുബിഷപ് മാർ തോമസ് തറയിൽ
(ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത)
സഹകാർമികൻ: റവ. ഫാ. ജോസഫ് നരിതൂക്കിൽ
(ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്, പാലാ രൂപത)
02.00 pm : തീർത്ഥാടനം (ഐങ്കൊമ്പ് സെന്റ് തോമസ് ഇടവകയിൽനിന്ന്)
02.15 pm : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. തോമസ് ഇല്ലിമൂട്ടിൽ
(വികാരി, സെന്റ് തോമസ് ചർച്ച്, ഐങ്കൊമ്പ്)
04.00 pm : തീർത്ഥാടനം (ചിറ്റാർ സെന്റ് ജോർജ് ഇടവകയിൽനിന്ന്)
04.30 pm : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. സ്കറിയ മോടിയിൽ
(വികാരി, സെന്റ് ജോർജ് ചർച്ച്, ചിറ്റാർ)

### 2025 ഒക്ടോബർ 08 ബുധൻ

09.00 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ
(വികാരി, പന്ത്രണ്ടു ശ്ലീഹന്മാരുടെ പള്ളി, ചെമ്മലമറ്റം)
10.15am : തീർത്ഥാടനവും തിരുമണിക്കൂർ ആരാധനയും
(സിസ്റ്റേഴ്സ്, എഫ്.സി.സി. ക്ലാരിസ്റ്റ് കോൺവെന്റ്, രാമപുരം)
11.00 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ജോസഫ് തേവർപറമ്പിൽ
(സഹവികാരി, സെന്റ് മേരീസ് ഫൊറോന ചർച്ച്, കടപ്ലാമറ്റം)
02.15 pm : തീർത്ഥാടനം (കുറിഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽനിന്ന്)
02.30 pm : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ജോസഫ് കളപ്പുരയ്ക്കൽ
(വികാരി, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കുറിഞ്ഞി)
04.00 pm : തീർത്ഥാടനവും കബറിടത്തിങ്കൽ പ്രാർഥനയും
(FBA-ആകാശപ്പറവകളുടെ കൂട്ടുകാർ, രാമപുരം)
04.30 pm : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. വർക്കി മണ്ഡപത്തിൽ
(വികാരി, സെന്റ് തോമസ് ചർച്ച് മലയിഞ്ചി, കോതമംഗലം രൂപത)

### 2025 ഒക്ടോബർ 09 വ്യാഴം

09.00 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. പ്രിൻസ് വള്ളോംപുരയിടം OFM Cap.
(കപ്പൂച്ചിൻ ആശ്രമം, പുറപ്പുഴ)
10.15 am : തീർത്ഥാടനവും തിരുമണിക്കൂർ ആരാധനയും
(സിസ്റ്റേഴ്സ്, എസ്.എച്ച്. കോൺവെന്റ്, വെള്ളിലാപ്പള്ളി, രാമപുരം)
11.00 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
വെരി റവ. ഡോ. ജോസ് കാക്കല്ലിൽ
(വികാരി, സെന്റ് തോമസ് കത്തീഡ്രൽ, പാലാ)
02.15 pm : തീർത്ഥാടനം (കത്തോലിക്കാ കോൺഗ്രസ്, പാലാ)
02.30 pm : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. അഗസ്റ്റിൻ മേച്ചേരിൽ
(സഹവികാരി, സെന്റ് ജോർജ് ഫൊറോന ചർച്ച്, കൂട്ടിക്കൽ)
04.30 pm : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
വെരി. റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ
(ചാൻസലർ, പാലാ രൂപത)

### 2025 ഒക്ടോബർ 10 വെള്ളി

09.00 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
വെരി റവ. ഫാ. ജോസഫ് മുളഞ്ഞനാൽ
(വികാരി, സെന്റ് മേരീസ് ഫൊറോന ചർച്ച്, കടപ്ലാമറ്റം)
10.15 am : തീർത്ഥാടനവും തിരുമണിക്കൂർ ആരാധനയും
(സിസ്റ്റേഴ്സ്, സിഎംസി കോൺവെന്റ്, രാമപുരം)
11.00 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
വെരി റവ. ഫാ. ജോൺസൺ പുള്ളീറ്റ്
(വികാരി, സെന്റ് തോമസ് ചർച്ച്, തുടങ്ങനാട്)
02.15 pm : തീർത്ഥാടനം (മുണ്ടാങ്കൽ സെന്റ് ഡൊമിനിക്സ് ഇടവകയിൽനിന്ന്)
02.30 pm : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ജോർജ് പഴേപറമ്പിൽ
(വികാരി, സെന്റ് ഡൊമിനിക്സ് ചർച്ച്, മുണ്ടാങ്കൽ)
05.00 pm : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ആന്റണി പുലിമലയിൽ
(എച്ച്.എം., സെന്റ് ജോർജ് എച്ച്.എസ്.എസ്., കലയന്താനി)
06.30pm : രാത്രി ആരാധന (2 മണി വരെ)

### 2025 ഒക്ടോബർ 11 ശനി (വ്യാപാരിദിനം)

09.00 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. മാത്യു അമ്മോട്ടുകുന്നേൽ
(സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്., പെരിങ്ങുളം)
10.45 am : തീർത്ഥാടനം (ബോയ്സ് ടൗൺ, കരൂർ, പാലാ)
11.00 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
വെരി. റവ. ഫാ. കുര്യൻ കാലായിൽ
(വികാരി, സെന്റ് ജോർജ് ഫൊറോന ചർച്ച്, മൂലമറ്റം)
02.15 pm : തീർത്ഥാടനം (അന്ത്യാളം സെന്റ് മാത്യുസ് ഇടവകയിൽനിന്ന്)
02.30 pm : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ജോസഫ് ചെറുകരക്കുന്നേൽ
(വികാരി, സെന്റ് മാത്യൂസ് ചർച്ച്, അന്ത്യാളം)
05.00 pm : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മോൺ ജോസഫ് മലേപ്പറമ്പിൽ
(വികാരി ജനറാൾ, പാലാ രൂപത)
06.30 pm : ജപമാലപ്രദക്ഷിണം

### 2025 ഒക്ടോബർ 12 ഞായർ

05.00 am : വി. കുർബാന, സന്ദേശം
06.00 am : സപ്രാനമസ്കാരം
06.10 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
07.50 am : വി. കുർബാന, സന്ദേശം
09.20 am : തീർത്ഥാടനം (സെന്റ് അഗസ്റ്റിൻസ് സൺഡേസ്കൂൾ, മിഷൻലീഗ്, രാമപുരം)
09.30 am : വി. കുർബാന, സന്ദേശം
10.30 am : തീർത്ഥാടനം (കടനാട് സെന്റ് അഗസ്റ്റിൻസ് ഫൊറോന ഇടവകയിൽനിന്ന്)
10.45 am : ആഘോഷമായ വി. കുർബാന, സന്ദേശം
വെരി റവ. ഫാ. ജോസഫ് പാനാമ്പുഴ
(വികാരി, സെന്റ് അഗസ്റ്റിൻസ് ഫൊറോന ചർച്ച്, കടനാട്)
11.45 am : തീർത്ഥാടനം
(കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ചുഡീക്കൻ തീർത്ഥാടന പള്ളിയിൽനിന്ന്)
12.00 noon : ആഘോഷമായ വി. കുർബാന, സന്ദേശം
വെരി റവ. ഡോ. തോമസ് മേനാച്ചേരി
(ആർച്ചുപ്രീസ്റ്റ്, മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ചുഡീക്കൻ തീർത്ഥാടനപള്ളി, കുറവിലങ്ങാട്)
02.15 pm : തീർത്ഥാടനം
(വൈദികവിദ്യാർഥികൾ – ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി, കരൂർ)
02.30 pm : ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. തോമസ് കാലാച്ചിറ
(വൈസ് റെക്ടർ, ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി, കരൂർ)
04.00 pm : തീർത്ഥാടനം (ഡിസിഎംഎസ്, രാമപുരം മേഖല)
04.15 pm : കൊടിയേറ്റ്
04.30 pm : ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മാർ ജേക്കബ് മുരിക്കൻ
(പാലാ രൂപത മുൻ സഹായമെത്രാൻ)

### 2025 ഒക്ടോബർ 13 തിങ്കൾ — ദൈവവിളി പ്രാർത്ഥനാദിനം

09.00 am : ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
വെരി റവ. ഫാ. ജെയിംസ് കുടിലിൽ
(വികാരി, ഹോളി ഫാമിലി ഫൊറോന ചർച്ച്, കൂത്താട്ടുകുളം)
10.45 am : തീർത്ഥാടനം (മാതൃവേദി, പിതൃവേദി, ലീജിയൻഓഫ് മേരി, രാമപുരം)
11.00 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ജെയിംസ് ചാവറപ്പുഴ
(വികാരി, സെന്റ് ആന്റണീസ് ചർച്ച്, കരിക്കാട്ടൂർ)
02.15 pm : തീർത്ഥാടനം (കൊണ്ടാട് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽനിന്ന്)
02.30 pm : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ജോസ് കുന്നപ്പള്ളിൽ
(വികാരി, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കൊണ്ടാട്)
04.30 pm : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഡോ. ജോസഫ് മുത്തനാട്ട്
(ഫിനാൻസ് ഓഫീസർ, പാലാ രൂപത)

### 2025 ഒക്ടോബർ 14 ചൊവ്വ — കർഷകദിനം

09.00 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ക്രിസ്റ്റി പന്തലാനിക്കൽ
(ഡയറക്ടർ, പാലാ കമ്യൂണിക്കേഷൻസ്, പാലാ രൂപത)
10.45 am : തീർത്ഥാടനം (കർഷകവേദി, പി.എസ്.ഡബ്ളിയു. എസ്., ഫ്രാൻസിസ്കൻ മൂന്നാം സഭ, സെന്റ് വിൻസെന്റ് ഡിപോൾ)
11.00 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
(വികാരി, വേളാങ്കണ്ണി മാതാ ചർച്ച്, ഇടക്കുന്നം, കാഞ്ഞിരപ്പള്ളി രൂപത)
02.15 pm : തീർത്ഥാടനം (നീറന്താനം സെന്റ് തോമസ് ഇടവകയിൽനിന്ന്)
02.30 pm : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. എമ്മാനുവേൽ കൊട്ടാരത്തിൽ
(വികാരി, സെന്റ് തോമസ് ചർച്ച്, നീറന്താനം)
04.30 pm : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. കുര്യൻ മറ്റം
(സ്പിരിച്വൽ ഡയറക്ടർ, SJCET ചൂണ്ടച്ചേരി, ചാപ്ലിൻ, റാണിഗിരി ഹോസ്പിറ്റൽ, തുടങ്ങനാട്)

### 2025 ഒക്ടോബർ 15 ബുധൻ — കുട്ടികളുടെ ദിനം

09.00 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ജോൺ മണാങ്കൽ
(പൗരസ്ത്യ വിദ്യാപീഠം, വടവാതൂർ, കോട്ടയം)
10.30 am : കരിസ്മാറ്റിക് പ്രേഷിതസംഗമം, തീർത്ഥാടനം, പാലാ രൂപത
11.00 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ജോസഫ് അരിമറ്റം (ഡയറക്ടർ, ഇവാഞ്ചലൈസേഷൻ പാലാ രൂപത)
02.15 pm : തീർത്ഥാടനം (സിസ്റ്റേഴ്സ്, സെന്റ് മർത്താസ് കോൺഗ്രിഗേഷൻ)
02.30 pm : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ജോസ് തറപ്പേൽ
(ഡയറക്ടർ, അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട്, അരുണാപുരം )
03.45 pm : ചെണ്ടമേളം
04.15 pm : തിരുസ്വരൂപപ്രതിഷ്ഠ
തീർത്ഥാടനം (എസ്എംവൈഎം പാലാ രൂപത)
04.30pm : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്
(വികാരി ജനറാൾ, പാലാ രൂപത)
06.00 pm : പുറത്തുനമസ്കാരം
റവ. ഫാ. മാത്യു വെണ്ണായിപ്പള്ളിൽ
(സഹവികാരി, സെന്റ് ജോസഫ്സ് ചർച്ച് & സെന്റ് ജൂഡ്സ് തീർത്ഥാടനകേന്ദ്രം, കിഴതടിയൂർ)
06.30 pm : പ്രദക്ഷിണം (കുരിശുപള്ളി ചുറ്റി)

### 2025 ഒക്ടോബർ 16 വ്യാഴം — പ്രധാന തിരുനാൾ

05.15 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. തോമസ് വെട്ടുകാട്ടിൽ (വൈസ് പോസ്റ്റുലേറ്റർ)
06.00 am : സപ്രാ നമസ്കാരം
06.15 am : വി. കുർബാന, സന്ദേശം
റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം (വികാരി)
07.15 am : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. അബ്രാഹം കുഴിമുള്ളിൽ (സഹവികാരി)
09.00 am : നേർച്ചവെഞ്ചരിപ്പ്
10.00 am : ആഘോഷമായ തിരുനാൾ കുർബാന, സന്ദേശം
മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപത മെത്രാൻ)
10.30 am : പാലാ രൂപത DCMS പദയാത്ര, വെള്ളിലാപ്പള്ളി, RVM സ്കൂൾ, SH ഹൈസ്കൂൾ ജംഗ്ഷൻ, മഞ്ചാടിമറ്റം സ്കൂൾ എന്നിവിടങ്ങളിൽനിന്ന് വാ. കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്ക്
11.45 am : ഡിസിഎംഎസ് പദയാത്രയ്ക്കു സ്വീകരണം
12.00 Noon : തിരുനാൾപ്രദക്ഷിണം
01.30 pm : ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. മാണി കൊഴുപ്പൻകുറ്റി (അസി.ഡയറക്ടർ, ഡിസിഎംഎസ്പാലാരൂപത)
04.30 pm : ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ജൊവാനി കുറുവാച്ചിറ (സഹവികാരി)

- തീർത്ഥാടകസംഘങ്ങൾ മുൻകൂട്ടി അറിയിച്ചാൽ തിരുനാളവസരങ്ങളിലൊഴികെ വിശ്രമത്തിനും ഭക്ഷണത്തിനുമുള്ള സ്ഥലസൗകര്യം ഒരുക്കിക്കൊടുക്കുന്നതാണ്.
- വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ മാധ്യസ്ഥ്യം വഴി ലഭിക്കുന്ന അനുഗ്രഹങ്ങൾ വിശദമായി എഴുതി ഓഫീസിൽ അറിയിക്കുകയോ, കബറിടത്തിങ്കൽ വച്ചിരിക്കുന്ന ബുക്കിൽ പേര്, അഡ്രസ്, ഫോൺനമ്പർ എന്നിവ സഹിതം രേഖപ്പെടുത്തുകയോ ചെയ്യണം.
- വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ വിവിധ ഭാഷകളിലുള്ള ജീവചരിത്രഗ്രന്ഥങ്ങൾ, ഫോട്ടോകൾ, കീചെയിനുകൾ, മോതിരങ്ങൾ, രൂപങ്ങൾ തുടങ്ങിയവ കുഞ്ഞച്ചൻ സ്റ്റാളിൽനിന്നു ലഭിക്കുന്നതാണ്.
- വാഴ്ത്തപ്പെട്ട കുഞ്ഞച്ചനോടുള്ള ഭക്തിനേർച്ചയായി വീട് എഴുന്നള്ളിക്കുന്നതിനും അടിമ വയ്ക്കുന്നതിനും സൗകര്യമുണ്ടായിരിക്കും.
- പ്രധാന തിരുനാൾ ദിവസമായ ഒക്ടോബർ 16–ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണി മുതൽ വൈകിട്ട് 5 മണിവരെ നേർച്ചഭക്ഷണം വിതരണം ചെയ്യുന്നതായിരിക്കും.
- വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ ചിത്രത്തോടുകൂടിയ 2026 ലെ കലണ്ടർ ബുക്സ്റ്റാളിൽ ലഭ്യമായിരിക്കും.
- തിരുനാളിനൊരുക്കമായുള്ള തിരുക്കർമങ്ങൾ ഒക്ടോബർ 7 ചൊവാഴ്ച ആരംഭിക്കുന്നു.
- തിരുനാൾ ദിവസങ്ങളിൽ നേർച്ചയപ്പം കൗണ്ടറിൽനിന്നു വാങ്ങാവുന്നതാണ്.

Vice Postulator, Cause of Blessed Kunjachan
St. Augustine's Forane Church, Ramapuram
Ramapuram Bazar P.O. - 686 576
Mob: 9446 204 240, 8590750312,
8590184402, 730 648 4040
www.blessed kunjachan.com
Email: blessedkunjachan@gmail.com
Facebook: thevarparampilkunjachan

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org